


വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2014

സെപ്റ്റംബർ

Volume V Issue 60

Times of America Online Weekly News Journal.

web:mytimesofamerica.com

Tel: 267-991-2111

e-mail:timesofamerica@yahoo.com


വിചാരകേരളം ▶ 3

ജോർജ് തഴക്കര



## മലയാളത്തെ സ്നേഹിച്ച അനന്തമൂർത്തി

മാതൃഭാഷയുടെ പ്രാധാന്യത്തെ തിരിച്ചറിഞ്ഞുകൊണ്ട് ഇംഗ്ലീഷിന്റെയും മലയാളത്തിന്റെയും കൊടുക്കൽ വാങ്ങലുകളുടെ ഇടനിലമായിട്ടാണ് സ്കൂൾ ഓഫ് ലറ്റേഴ്സിനെ രൂപപ്പെടുത്തിയത്. അക്കാദമിക് ചിന്തകളെ സാധാരണക്കാർക്കും മനസ്സിലാകുന്ന വിധം പ്രായോഗികമാക്കി. മാതൃഭാഷ പഠിക്കാതെ ബിരുദം നേടാൻ കഴിയുന്ന ഏക സംസ്ഥാനം കേരളം മാത്രമാണെന്ന് അദ്ദേഹം പറയുകയുണ്ടായി. ചെറുപ്രായത്തിൽതന്നെ മാതൃഭാഷ കുട്ടികളെ പഠിപ്പിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

## ഹോങ്കോംഗിനു പൂർണ സ്വാതന്ത്ര്യമെന്ന ആവശ്യം ചൈന തള്ളി

ബെയ്ജിംഗ്: ലോക സാമ്പത്തിക ഹബ്ബായ ഹോങ്കോംഗിനു 2017 ഓടെ പൂർണ സ്വാതന്ത്ര്യം നൽകണമെന്നാവശ്യം ചൈനീസ് പാർലമെന്റ് തള്ളി. 2017 തെരഞ്ഞെടുപ്പിൽ രണ്ടു സ്ഥാനാർഥികളെ മത്സരിപ്പിക്കാൻ നാഷണൽ പീപ്പിൾ കോൺഗ്രസ് (എൻപിസി) സ്റ്റാൻഡിംഗ് കമ്മിറ്റി അനുമതി നൽകി. എന്നാൽ, ഇവരെ ഏതെങ്കിലും സമുദായം നാമനിർദേശം ചെയ്യണം.

ഹോങ്കോംഗിനു പൂർണ സ്വാതന്ത്ര്യം നൽകണമെന്നു സമ്മേള നഹാളിനു പുറത്തു പ്രക്ഷോഭകാരികൾ ആവശ്യപ്പെട്ടു. 1997 മുതലാണ് ഹോങ്കോംഗിൽ ചൈനീസ് ഭരണം ഏർപ്പെടുത്തിയത്.

# എബോള പ്രതിരോധ മരുന്ന് മൃഗങ്ങളിൽ വിജയം



*വാഷിംഗ്ടൺ:* എബോള വൈറസിനെതിരെ പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചുവരുന്ന ഇസഡ്മാപ്പ് രോഗിബാധിതരായ കുരങ്ങുകളിൽ നൂറു ശതമാനം വിജയം കണ്ടതായി നാച്ചുറൽ മാസികയിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു.

എബോള വൈറസ് ബാധയെ തുടർന്ന് അതീവ ഗുരുതരാവസ്ഥയിലുള്ള കുരങ്ങുകൾപോലും മരുന്നു കഴിച്ച് ഭേദമായെന്ന് സ്ഥിരീകരണം. മരുന്ന് മൃഗങ്ങളിൽ നൂറുശതമാനം വിജയം കണ്ടത് പ്രതീക്ഷക്കു വകനല്കുന്നുവെന്നും കണ്ടെത്തൽ നിർണ്ണായകമായ വഴിത്തിരിവാണെന്നും ശാസ്ത്രജ്ഞർ പ്രത്യാശ പ്രകടിപ്പിച്ചു. ആഫ്രിക്കയെ മരണക്കെടുതിയുടെ മുൾമുനയിലാക്കി രോഗബാധിതരുടെ എണ്ണം 20000 കവിഞ്ഞ സാഹചര്യത്തിൽ മരുന്നിന്റെ പരീക്ഷണം മനുഷ്യരിൽ അടിയന്തിരമായി ആരംഭിക്കണമെന്ന് സംഘം ആവശ്യപ്പെട്ടു.

ശുദ്ധീകരിച്ച മൂന്നുതരം പ്രതിരോധ പ്രോട്ടീനുകളുടെ മിശ്രിതമാണ് ഇസൈഡ്മാപ്പ്. കാലിഫോർണിയയിലെ സാൻഡിയാഗോയിലുള്ള മാപ്പ് ഫാർമസ്യൂട്ടിക്കൽ എന്ന കമ്പനിയാണ് നിർമ്മിച്ചിരിക്കുന്നത്. എബോള വൈറസ് ബാധിച്ച ഏഴു വിദേശകളിൽ ഈ മരുന്ന് നൽകിയിരുന്നുവെങ്കിലും രണ്ടുപേർ മരിച്ച സാഹചര്യത്തിൽ വാണിജ്യാടിസ്ഥാനത്തിൽ മരുന്ന് നിർമ്മിക്കപ്പെട്ടിട്ടില്ല.

## റഷ്യയ്ക്കെതിരെ കൂടുതൽ ഉപരോധം

ബ്രസൽസിൽ യുക്രെയിൻ ഇടപെടുന്നതു ഉടനടി നിർത്തിയിലെങ്കിൽ കടുത്ത ഉപരോധ നടപടികൾ സ്വീകരിക്കുമെന്ന് റഷ്യക്ക് യൂറോപ്യൻ യൂണിയൻ മുന്നറിയിപ്പു നൽകി.

ബ്രസൽസിൽ സമാപിച്ച ഇരുപത്തിയെട്ട് അംഗ ഇ.യു ഉച്ചകോടിയാണ് കടുത്ത നടപടികൾക്ക് ശുപാർശ ചെയ്തത്.

റഷ്യ പിൻമാറിയില്ലെങ്കിൽ സ്വീകരിക്കേണ്ട ഉപരോധത്തിന് ഒരാഴ്ചക്കകം അന്തിമരൂപം നൽകും. സാമ്പത്തിക, ഊർജ്ജ, ആയുധ മേഖലകളിലായിരിക്കും വിലക്ക് നേരിടേണ്ടിവരുകയെന്ന് ജർമൻ ചാൻസലർ അംഗലാ മെർക്കൽ സൂചന നൽകി.

യുക്രെയിൽ റഷ്യൻ സൈന്യമിറങ്ങുന്നത് പൊറുക്കാനാവാത്തതാണെന്നും ഇതു തുടർന്നാൽ യുറോപ്പുമായുള്ള ബന്ധം പഴയപടി തുടരാവില്ലെന്നും ബ്രിട്ടീഷ് പ്രധാനമന്ത്രി ഡേവിഡ് കാമറൺ മുന്നറിയിപ്പു നൽകി.

കിഴക്കൻ യുക്രെയിലെ വിമത നിയന്ത്രിത മേഖലകളിൽ ആയിരത്തിലേറെ റഷ്യൻ സൈനികരുണ്ടെന്നാണ് പടിഞ്ഞാറൻ രാജ്യങ്ങളുടെ ആരോപണം. ടാങ്കുകളും കവചിത വാഹനങ്ങളും പീരങ്കികളും ഉൾപ്പെടെ 20000ത്തോളം സൈനികർ അതിർത്തിയിൽ നിലയുറപ്പിച്ചതായും ആരോപണമുണ്ട്.

## ബിബിസിക്ക് വനിത മേധാവി



*ലണ്ടൻ:* പ്രമുഖ ബ്രിട്ടീഷ് വനിതാ വ്യവസായി റോണ ഫെയർ ഹെഡിനെ ബിബിസി ചെയർമാനായി നിയമിക്കുവാൻ തീരുമാനം.

എച്ച്.എസ്.ബി.സി, പെപ്സി എന്നിവയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായി സേവനം അനുഷ്ഠിച്ച ഫെയറിന് മന്ത്രിസഭയുടെ അന്തിമ അനുമതി കൂടി ലഭിക്കേണ്ടതുണ്ട്.

നിലവിൽ ഫിനാൻഷ്യൽ ടൈംസ് സി.ഇ.ഒ ആണ് റോണ.

ആരോഗ്യപ്രശ്നങ്ങളാൽ കഴിഞ്ഞ മെയിൽ ലോഡ് പാറ്റൺ രാജിവെച്ച ഒഴിവിലാണ് റോണ ചുമതലേൽക്കുന്നത്. ബിബിസിയുടെ തലപ്പത്ത് എത്തുന്ന ആദ്യവനിതയായിരിക്കും റോണ.











# ഉമ്മൻചാണ്ടിയേയും ചെന്നിത്തലയേയും പ്രതികളാക്കി കേസെടുക്കാൻ കഴിയില്ലെന്നു നിയമോപദേശം

*തിരുവനന്തപുരം:* ടൈറ്റാനിയം അഴിമതിക്കേസിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, മന്ത്രിമാരായ രമേശ് ചെന്നിത്തല, ഇബ്രാഹിംകുഞ്ഞ് എന്നിവർക്കു ഗൂഢാലോചനയിൽ പങ്കുണ്ടെന്നു തെളിവുകൾ ഇല്ലെന്ന കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇവരെ പ്രതികളാക്കി കേസെടുക്കാൻ കഴിയില്ലെന്നു നിയമോപദേശം.

എന്നാൽ, ഗൂഢാലോചനയുമായി ബന്ധപ്പെട്ടു ടൈറ്റാനിയം ഡയറക്ടർ ബോർഡിന്റെ തീരുമാനം ദുരൂഹമായി നിലനിൽക്കുന്ന സാഹചര്യത്തിൽ ബോർഡംഗങ്ങളെയും നിർമാണ കമ്പനി പ്രതിനിധികളെയും പ്രതികളാക്കി കേസെടുക്കാമെന്നും വിജിലൻസ് അഡീഷണൽ പ്രോസിക്യൂഷൻസ് ഡയറക്ടർ ശശീന്ദ്രൻ വിജിലൻസ് ഡയറക്ടർ വിൻസൻ എം. പോളിനു നൽകിയ നിയമോപദേശത്തിൽ പറയുന്നു.

മലിനീകരണ നിയന്ത്രണ ബോർഡിന്റെ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടും ദുരൂഹത നിലനിൽക്കുന്നുവെന്നു കണ്ടെത്തുന്ന സാഹചര്യത്തിൽ ഇവർക്കെതിരേയും നടപടി സ്വീകരിക്കാം. മുൻ വ്യവസായ സെക്രട്ടറി ടി. ബാലകൃഷ്ണനെതിരേയും നടപടി സ്വീകരിക്കാം.

എന്നാൽ, വിജിലൻസ് ലീഗൽ വിഭാഗത്തിന്റെ നിയമോപദേശത്തിന്റെ മാത്രം അടിസ്ഥാനത്തിൽ അല്ലാതെ അഡ്വക്കറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, നിയമ സെക്രട്ടറി എന്നിവരോടു കൂടുതൽ നിയമോപദേശം തേടേണ്ടതുണ്ടോ എന്ന ആശയക്കുഴപ്പവും വിജിലൻസ് ഉന്നതർക്കുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണ സംഘത്തെ പ്രഖ്യാപിക്കുക. വിജിലൻസ് പ്രത്യേക വിഭാഗം എസ്പിയുടെ നേതൃത്വത്തിലുള്ള അന്വേഷണമാകും പ്രഖ്യാപിക്കുക. വിജിലൻസ് ഡയറക്ടർ അന്വേഷണത്തിനു മേൽനോട്ടം വഹിക്കും.

സംഭവം നടക്കുന്ന സമയത്തു രമേശ് ചെന്നിത്തലയ്ക്കു ഭരണതലത്തിൽ ഒരു ചുമതലയും ഇല്ലാത്ത സാഹചര്യത്തിൽ അദ്ദേഹത്തെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ലെന്നും നിയമോപദേശത്തിൽ വ്യക്തമാക്കുന്നു.

# ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും സംഘവും ജപ്പാനിൽ



*ജപ്പാൻ:* അഞ്ചുദിവസത്തെ സന്ദർശനത്തിനു ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും സംഘവും ജപ്പാനിലെത്തി.

ജാപ്പനീസ് സ്മാർട്ട് സിറ്റി ക്യോട്ടോയുടെ മാതൃകയിൽ മോദിയുടെ ലോക്സഭാ മണ്ഡലമായ വാരാണസിയെ മാറ്റുന്നതിനുള്ള കരാറിൽ ഇരുരാജ്യങ്ങളും ഒപ്പുവച്ചു.

പൈതൃകത്തിനും വികസനത്തിനും ഒരേപോലെ പ്രാധാന്യം നൽകി ക്യോട്ടോ നഗരത്തിനു തുല്യമായി വാരാണസിയെ മാറ്റുകയാണു പദ്ധതിയുടെ ലക്ഷ്യം. ഇരുനഗരങ്ങളും തമ്മിലുള്ള പങ്കാളിത്ത കരാർ ജപ്പാനിലെ ഇന്ത്യൻ അംബാസിഡർ ദീപ വാധ്വയും ക്യോട്ടോ മേയർ ഡൈസാകു കഡോകാവയും ഒപ്പുവച്ചു.

മോദിയെ സ്വീകരിക്കാൻ ജാപ്പനീസ് പ്രധാനമന്ത്രി ഷിൻസോ ആബേ ടോക്കിയോയിൽനിന്നു പ്രത്യേക വിമാനത്തിൽ ക്യോട്ടോയിൽ എത്തി. ക്യോട്ടോ ഗസ്റ്റ് ഹൗസിൽ മോദിയെ ആബേ സ്വീകരിച്ചു.

സ്വാമി വിവേകാനന്ദൻ ആൻഡ് ജപ്പാൻ എന്ന പുസ്തകവും ഭഗവത്ഗീതയും ആബേയ്ക്കു മോദി സമ്മാനിച്ചു.

പൈതൃകം സംരക്ഷിക്കാൻ സഹായം, നഗരത്തിന്റെ ആധുനികവത്കരണം, കല-സാംസ്കാരിക- വിദ്യാഭ്യാസ സഹകരണം എന്നിവയ്ക്കാണ് ഇരുരാജ്യങ്ങളും തമ്മിൽ ധാരണയായതെന്നു വിദേശകാര്യമന്ത്രാലയം വക്താവ് സയീദ് അക്ബറുദീൻ പറഞ്ഞു. ഇന്ത്യയിൽ 100 സ്മാർട്ട് സിറ്റികൾ നിർമിക്കുകയെന്ന നരേന്ദ്ര മോദിയുടെ വീക്ഷണത്തിന്റെ ഭാഗമായാണു കരാർ. ഈ കരാർ പ്രകാരമാകും ഇരുരാജ്യങ്ങളും തമ്മിലുള്ള ഭാവി പദ്ധതികൾക്കു രൂപം നൽകുക. കരാർ ഒപ്പിട്ടശേഷം ഷിൻസോ ആബേ ഒരുക്കിയ വിരുന്നിൽ മോദിയും സംഘവും പങ്കെടുത്തു. വിരുന്നിനുമുമ്പ് ജപ്പാനിലെ ആചാരമായ മീനിനു തീറ്റകൊടുക്കൽ ചടങ്ങിൽ ഇരു നേതാക്കളും പങ്കെടുത്തു.

പ്രധാനമന്ത്രിയായ ശേഷം ഉഭയകക്ഷി ചർച്ചയ്ക്കായി ഉപഭൂഖണ്ഡത്തിനു പുറത്ത് നരേന്ദ്ര മോദി നടത്തുന്ന ആദ്യത്തെ പര്യടനമാണിത്.

# മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസിലർ ഡോ.ബാബു സെബാസ്റ്റ്യൻ



*തിരുവനന്തപുരം:* മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലറായി ഡോ. ബാബു സെബാസ്റ്റ്യൻ നിയമിതനായി.

പുതിയ വൈസ് ചാൻസലറെ കണ്ടെത്താനുള്ള സെർച്ച് കമ്മിറ്റി മൂന്നംഗ പാനൽ വെള്ളിയാഴ്ച ഗവർണർക്കു സമർപ്പിച്ചിരുന്നു. ലിസ്റ്റിൽ ഒന്നാമതായി കൊടുത്തിരുന്ന പേര് ഡോ. ബാബു സെബാസ്റ്റ്യന്റേതായിരുന്നു.

വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (എസ്ഐഇടി) യുടെ ഡയറക്ടറായി പ്രവർത്തിച്ചുവരുന്ന ഡോ. ബാബു സെബാസ്റ്റ്യൻ ഐടി അറ്റ് സ്കൂളിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായും സേവനമനുഷ്ഠിച്ചുവരികയാണ്. പാലാ സെന്റ് തോമസ് കോളജിൽ അധ്യാപകനായി പത്തൊമ്പതു വർഷം പ്രവർത്തിച്ച ഇദ്ദേഹം പത്തു വർഷത്തിലേറെയായി എസ്ഐഇടിയുടെ ഡയറക്ടറായി പ്രവർത്തിച്ചു വരുന്നു. കേരള സർവകലാശാലയിൽ നിന്നു ഡോക്ടറേറ്റ് നേടിയ ഇദ്ദേഹം എംബിഎ ബിരുദവും നേടിയിട്ടുണ്ട്.

എസ്ഐഇടി ഡയറക്ടർ എന്ന നിലയിൽ ആയിരത്തിലധികം വിദ്യാഭ്യാസ വീഡിയോ പ്രോഗ്രാമുകളും അഞ്ഞൂറോളം ഓഡിയോ പ്രോഗ്രാമുകളും ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിർമിച്ചിട്ടുണ്ട്. ഫ്രീ ആൻഡ് ഓപ്പൺ ലേണിംഗ് വെബ് പോർട്ടലിനു രൂപം നൽകിയ ഇദ്ദേഹം ഇ ലേണിംഗ് പദ്ധതിയും തയാറാക്കി ദേശീയതലത്തിൽ ശ്രദ്ധേയനായി.

പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓണററി ജോയിന്റ് ഡയറക്ടറായി പ്രവർത്തിച്ചു വരുന്നു.

പാലാ പൂവരണി നടുവക്കുന്നേൽ പരേതനായ എൻ.സി. സെബാസ്റ്റ്യന്റെയും കുട്ടിയമ്മയുടെയും മകനായ ബാബു സെബാസ്റ്റ്യന്റെ ഭാര്യ ഡോ. ലിസി ജോസഫ് മൂവാറ്റുപുഴ നിർമല കോളജ് അധ്യാപികയാണ്.

ഏക മകൻ മിത്രൻ ബാബു (സെബാസ്റ്റ്യൻ) ചെന്നൈ എഎടി കോളജിൽ ബിഎസ്സി വിഷ്വൽ കമ്യൂണിക്കേഷൻ വിദ്യാർഥിയാണ്.

# ചരിത്രകാരൻ ബിപൻ ചന്ദ്ര അന്തരിച്ചു



*ന്യൂഡൽഹി:* പ്രശസ്ത ചരിത്രകാരൻ ബിപൻ ചന്ദ്ര (86) അന്തരിച്ചു. നാഷണൽ ബുക്ക് ട്രസ്റ്റ് ചെയർമാനായും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സമര ചരിത്രം സംബന്ധിച്ച ഏറ്റവും ആധികാരികമായ ഏതാനും ഗ്രന്ഥങ്ങൾ ബിപൻ ചന്ദ്രയുടേതാണ്. റൊമീള ഥാപ്പർ, ഇർഫാൻ ഹബീബ് എന്നിവരോടൊപ്പം ഇടതുപക്ഷ നിരയിലായിരുന്ന അദ്ദേഹത്തിന്റെ ചില ഗ്രന്ഥങ്ങൾ കോൺഗ്രസ് പക്ഷപാതം പ്രകടിപ്പിക്കുന്നു എന്നും ആക്ഷേപമുണ്ട്. ദ എപ്പിക് സ്ട്രഗിൾ, ഇന്ത്യാസ് സ്ട്രഗിൾ ഫോർ ഇൻഡിപെൻഡൻസ്, ഇന്ത്യൻ നാഷണൽ മൂവ്മെന്റ് - ദ ലോംഗ് ടേം ഡൈനാമിക്സ്, ദ മേക്കിംഗ് ഓഫ് മോഡേൺ ഇന്ത്യ, കമ്യൂണലിസം ഇൻ മോഡേൺ ഇന്ത്യ, കമ്യൂണലിസം - എ പ്രൈമർ തുടങ്ങിയവ പ്രധാന ഗ്രന്ഥങ്ങളാണ്. ഫ്രീഡം സ്ട്രഗിൾ, ഇന്ത്യ സിൻസ് ഇൻഡിപെൻഡൻസ് എന്നിവയുടെ സഹഗ്രന്ഥകാരനുമാണ്.

# സൗത്ത് ഫ്ളോറിഡ കേരള സമാജം ഓണാഘോഷം 6ന്

*മയാമി:* സൗത്ത് ഫ്ളോറിഡ കേരള സമാജത്തിന്റെ ഓണാഘോഷം സെപ്റ്റംബർ ആറ് ശനിയാഴ്ച തിരുവോണ നാളിൽ കൂപ്പർ സിറ്റി ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടും.

വൈകിട്ട് അഞ്ചിന് ജനറൽ ബോഡി മീറ്റിംഗും, 5.30 മുതൽ 6.30 വരെ വിഭവസമൃദ്ധമായ ഓണസദ്യയും ഉണ്ടായിരിക്കും. 7 മണി മുതൽ കേരളത്തിന്റെ സമൃദ്ധമായ പൗരാണിക പൈതൃകം നൃത്ത-സംഗീത ചുവടുകളിലൂടെ സാക്ഷാത്കരിക്കപ്പെടുന്ന വിവിധ കലാപരിപാടികൾ വേദിയിൽ അരങ്ങേറും.

താലപ്പൊലിയുടേയും മുത്തുക്കുടകളുടേയും ചെണ്ടമേളത്തിന്റേയും അകമ്പടിയോടുകൂടി മാവേലി മന്നനെ വേദിയിലേക്ക് വരവേൽക്കും.

ഈവർഷത്തെ മുഖ്യാതിഥിയായി ഫോമയുടെ റീജിയണൽ വൈസ് പ്രസിഡന്റ് അനു സുകുമാർ പങ്കെടുക്കും. സൗത്ത് ഫ്ളോറിഡയിലെ എല്ലാ മലയാളികളേയും പരിപാടികളിലേക്ക് സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ജോയി ആന്റണി (പ്രസിഡന്റ്) 957 328 5009, ബാബു കല്ലിടുക്കിൽ (വൈസ് പ്രസിഡന്റ്) 957 593 6882, ഷാലെറ്റ് വർഗീസ് (സെക്രട്ടറി) 954 303 8952, ജോസ്‌ലിൻ പി. ജോസഫ് (ട്രഷറർ) 954 857 1839, ജോസ്മാൻ കരേടൻ (954 558 2245, റജി ജോമി (954 205 3569).

# ഇ-മെയിലിനു 32 വയസ്സ്; അയ്യാദുരൈ ഇന്ത്യൻ വംശജൻ

*ന്യൂയോർക്ക്:* ഇ മെയിലിന് 32 വയസു തികയുമ്പോൾ ഇന്റർനെറ്റിലൂടെയുള്ള ഈ കത്തിടപാടുകൾക്കു തുടക്കമിട്ടത് ഒരു ഇന്ത്യക്കാരനാണെന്ന് എത്രപേർക്ക് അറിയാം? വി.എ.ശിവ അയ്യാദുരൈ എന്ന ഇന്ത്യൻ വംശജനായ അമേരിക്കൻ പൗരൻ 1978ലാണ് ഈ വിസ്മയ കണ്ടുപിടിത്തം നടത്തിയത്. അയ്യാദുരൈയ്ക്ക് അന്നു പതിന്നാലു വയസ് മാത്രവും. 1982 ഓഗസ്റ്റ് 30ന് അമേരിക്കൻ സർക്കാർ അയ്യാദുരൈയെ ഇ മെയിലിന്റെ സ്രഷ്ടാവായി അംഗീകരിച്ചു. പകർപ്പവകാശം നല്കി ആദരിച്ചു.

പുതിയ സോഫ്റ്റ്‌വെയറുകൾ കണ്ടെത്തുന്നവർക്ക് അവ കൈമാറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കാനുള്ള ഏക മാർഗമായിരുന്നു അന്നു കോപ്പിറൈറ്റ് അവകാശം.

എംഐറ്റി, അർപാനെറ്റ് എന്നീ കംപ്യൂട്ടർ നെറ്റ്‌വർക്കുകൾ മാത്രമുള്ളപ്പോഴാണ് അയ്യാദുരൈ പിൽക്കാലത്ത് ഇന്റർനെറ്റിൽ എല്ലാവർക്കും ഒരുപോലെ ഉപയോഗിക്കാൻ കഴിയുന്ന ഇലക്ട്രോണിക് മെയിലിനു രൂപം നല്കിയത്.

ജോർജ് തഴക്കര

# മലയാളത്തെ സ്നേഹിച്ച അനന്തമൂർത്തി

(1932 ഡിസംബർ 21 – 2014 ആഗസ്റ്റ് 22)

മലയാളമനസ്സിൽ ഇടം നേടിയ സാഹിത്യകാരനാണ് യു.ആർ. അനന്തമൂർത്തി. നോവലിസ്റ്റ്, കഥാകൃത്ത്, കവി, നിരൂപകൻ, അദ്ധ്യാപകൻ, വിദ്യാഭ്യാസ വിചക്ഷണൻ എന്നീ നിലകളിൽ പ്രശ്സ്തനായിരുന്നു ഉടുപ്പി രാജാഗോപാലാചാര്യ അനന്തമൂർത്തി.

കന്നഡ സ്വദേശിയായിരുന്നുവെങ്കിലും മലയാളവുമായി അദ്ദേഹം പലവിധത്തിലും ബന്ധപ്പെട്ടിരുന്നു. അനന്തമൂർത്തിയുടെ ബാല്യം തിരുവിതാംകൂറിലായിരുന്നു. മുത്തച്ഛൻ തിരുവിതാംകൂർ രാജകൊട്ടാരത്തിലെ ഉദ്യോഗസ്ഥനായിരുന്നു. അനന്തമൂർത്തിയുടെ കൃതികളിലൂടെയാണ് അദ്ദേഹത്തെ മനസ്സിലാക്കുന്നത്. സംസ്കാര എന്ന നോവലിന്റെ വിവർത്തനത്തോടുകൂടി അദ്ദേഹം മലയാളിയുടെ ഭാഗമായി. 1970ൽ മദ്രാസിൽവച്ച് എം.ഗോവിന്ദനുമായി അനന്തമൂർത്തി പരിചയപ്പെട്ടതോടുകൂടിയാണ് മലയാളസാഹിത്യവുമായി അനന്തമൂർത്തി ബന്ധപ്പെടുന്നത്.

മൈസൂർ സർവ്വകലാശാലയിലെ ഇംഗ്ലീഷ് വിഭാഗം അദ്ധ്യപകനായിരിക്കെയാണ് 1978ൽ കേരളസർവ്വകലാശാലയുടെ യുവജനോത്സവത്തിന്റെ ഉദ്ഘാടകനായി കോട്ടയത്തെത്തുന്നത്. അപ്പോഴേക്കും നോവലും നോവലിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ട ചലച്ചിത്രവും അംഗീകാരം നേടിയിരുന്നു.

കാലഹരണപ്പെട്ട ബ്രാഹ്മണാചരങ്ങളുടെ തുറന്നുകാട്ടലായിരുന്നു സംസ്കാര. 1965ൽ പ്രസിദ്ധീകരിച്ച ഈ കൃതി സ്വസമുദായത്തിൽ നിന്നുള്ള വിമർശനത്തിനും പ്രതിഷേധത്തിനും ഇട നൽകി.

ആദ്യ ഇ.കെ.നായനാർ മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കെ.ചന്ദ്രശേഖരനുമായിട്ടുള്ള സൗഹൃദമാണ് 1987ൽ ഗാന്ധി സർവ്വകലാശാല രൂപീകരിച്ചപ്പോൾ ദീർഘവീക്ഷണമുള്ള അനന്തമൂർത്തിയെ വൈസ് ചാൻസിലറായി നിയമിക്കുവാനുള്ള സാഹചര്യം സൃഷ്ടിച്ചത്. വ്യത്യസ്തമായ ഒരു സർവ്വകലാശാല സങ്കല്പമായിരുന്നു അതിനു പിന്നിലുണ്ടായിരുന്നത്.

സർവ്വകലാശാലയുടെ പഠനരീതിയെ അദ്ദേഹം പുനഃക്രമീകരിച്ചു. പരമ്പരാഗതരീതിയ്ക്കു മാറ്റം വരുത്തി ഇന്റർ ഡിസിപ്ലിനറി രീതിക്കു പ്രാധാന്യം നൽകി. സ്കൂൾ ഓഫ് ലറ്റേഴ്സ്, സ്കൂൾ ഓഫ് സോഷ്യൽ സയൻസ് എന്നിവയിലൂടെ സർവ്വകലാശാലയ്ക്ക് പുതിയൊരു മുഖം നൽകി.

മാതൃഭാഷയുടെ പ്രാധാന്യത്തെ തിരിച്ചറിഞ്ഞുകൊണ്ട് ഇംഗ്ലീഷിന്റെയും മലയാളത്തിന്റെയും കൊടുക്കൽ വാങ്ങലുകളുടെ ഇടനിലമായിട്ടാണ് സ്കൂൾ ഓഫ് ലറ്റേഴ്സിനെ രൂപപ്പെടുത്തിയത്. അക്കാദമിക് ചിന്തകളെ സാധാരണക്കാർക്കും മനസ്സിലാകുന്ന വിധം പ്രായോഗികമാക്കി. മാതൃഭാഷ പഠിക്കാതെ ബിരുദം നേടാൻ കഴിയുന്ന ഏക സംസ്ഥാനം കേരളം മാത്രമാണെന്ന് അദ്ദേഹം പറയുകയുണ്ടായി. ചെറുപ്രായത്തിൽതന്നെ മാതൃഭാഷ കുട്ടികളെ പഠിപ്പിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

അയ്യപ്പപണിക്കർ, ജി.ശങ്കരപ്പിള്ള, ആർ.നരേന്ദ്രപ്രസാദ് തുടങ്ങിയ പ്രതിഭകളെ കൂട്ടിയിണക്കി. കേരളത്തിലെ എഴുത്തുകാരെയും മറ്റു സംസ്ഥാനങ്ങളിലെ എഴുത്തുകാരെയും വിളിച്ചുകൂട്ടി.

ഇടതുപക്ഷസർക്കാരിന്റെ ക്ഷണപ്രകാരമാണ് അനന്തമൂർത്തി വൈസ് ചാൻസിലറായി കേരളത്തിലേക്ക് വരുന്നത്. ചൈനയിൽ വിദ്യാർത്ഥികൾക്കുനേരെ നടന്ന കൂട്ടക്കൊലയിൽ അസഹിഷ്ണുത പ്രകടപ്പിക്കുകയും ടിയാൻമെൻ സ്ക്വയർ സംഭവത്തിനെതിരെ ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തതോടെ അനന്തമൂർത്തി ഇടതുപക്ഷചിന്തകന്മാരുടെ വിയോജിപ്പിനു ഇട നൽകി.

ആഭ്യന്ത്രര മന്ത്രി ടി.കെ.രാമകൃഷ്ണൻ ഉൾപ്പെടെയുള്ളവരുടെ പ്രതിഷേധവും സർവ്വകലാശാലയിലെ ഉദ്യോഗസ്ഥ മേധാവിത്വവും കണ്ട് മനം മടുത്ത് കാലാവധി പൂർത്തിയാക്കുന്നതിനു മുമ്പുതന്നെ അനന്തമൂർത്തി വൈസ് ചാൻസിലർ പദവി രാജിവയ്ക്കുകയുണ്ടായി.

രാം മനോഹർ ലോഹ്യയുടെ ആശയങ്ങളായിരുന്നു അനന്തമൂർത്തിയെ സ്വാധീനിച്ചിരുന്നത്. ഗാന്ധിയൻ സോഷ്യലിസ്റ്റ് എന്ന രീതിയിലായിരുന്നു അദ്ദേഹത്തിന്റെ നിലപാടുകൾ. മതങ്ങളെക്കാൾ പ്രധാനം മനുഷ്യനാണെന്നുള്ള കാഴ്ചപ്പാടാണ് അദ്ദേഹം പങ്കുവച്ചത്. വിവാദപരമായ പല പരാമർശങ്ങളും അദ്ദേഹത്തിൽനിന്നുമുണ്ടായിട്ടുണ്ട്. മഹാഭാരതകഥയിൽ ബ്രാഹ്മണർ മാംസാഹാരം കഴിച്ചിരുന്നുവെന്ന പ്രസ്താവന അത്തരത്തിലുള്ളതായിരുന്നു.

നരേന്ദ്ര മോദി പ്രധാനമന്ത്രിയായാൽ താൻ ഇന്ത്യയിൽ ജീവിക്കുവാൻ ആഗ്രഹിക്കുകയില്ലെന്നുപോലും അദ്ദേഹം പറഞ്ഞു. തിരഞ്ഞെടുപ്പിൽ നരേന്ദ്രമോദി വിജയം നേടിയപ്പോൾ സംഘപരിവാർ പ്രവർത്തകർ പാകിസ്താനിലേക്കുള്ള വിമാനടിക്കറ്റെടുത്ത് അനന്തമൂർത്തിക്ക് അയച്ചുകൊടുക്കുകയുണ്ടായി. മോദി പ്രധാനമന്ത്രിയാകുവാനുള്ള സാധ്യത ഇല്ലായെന്നുള്ളതിന്റെ ബൗദ്ധികപ്രതികരണമായിരുന്നു താൻ നടത്തിയതെന്നു പിന്നീട് വിദശീകരണവും നൽകി.

ഭരണഘടനയിലെ എട്ടാം ഷെഡ്യൂൾഡ് എടുത്തുകളഞ്ഞുകൊണ്ട് ഹിന്ദി ഭാഷാധിപത്യപ്രവണതയ്ക്കു കുറവു വരുത്തണമെന്ന് വാദിച്ചിരുന്നു. കേന്ദ്രസാഹിത്യ അക്കാദമിയുടെ ചുമതല വഹിച്ചിരുന്ന സന്ദർഭത്തിൽ ഗോത്രഭാഷയുടെ വളർച്ചയ്ക്കായുള്ള പദ്ധതികൾ നടപ്പിലാക്കിയിരുന്നു.

1991ൽ ജോലി രാജിവച്ച് ജവാഹർലാൽ നെഹ്റു സർവ്വകലാശാലയിലും വിദേശ സർവകലാശാലകളിലും വിസിറ്റിംഗ് പ്രൊഫസറായിരുന്നു. 1992ൽ ദേശീയ ബുക് ട്രസ്റ്റ് ചെയർമാനായി. 93ൽ കേന്ദ്ര സാഹിത്യ അക്കാദമിയുടെ അദ്ധ്യക്ഷനായി. പൂണെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ ചെയർമാനായും പ്രവർത്തിച്ചു.

സംസ്കാര, ഭാരതീപുരം, അവസ്ഥെ, ഭാവ, ദിവ്യ എന്നിവയാണ് പ്രധാന നോവലുകൾ. എട്ടു ചെറുകഥാ സമാഹാരങ്ങളും മൂന്നു കവിതാസമാഹാരങ്ങളും നാടകവും ലേഖനങ്ങളും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

കന്നഡ സാഹിത്യത്തിൽ പുതുപ്രസ്ഥാനത്തിലെ പ്രതിനിധിയാണ് യു.ആർ. അനന്തമൂർത്തി. കൊൽക്കത്ത സർവ്വകലാശാല ഡി-ലിറ്റ് നൽകി. 1994ൽ ജ്ഞാനപീഠം ലഭിച്ചു. 1998ൽ രാഷ്ട്രം പദ്മഭൂഷൻ നല്കി ആദരിച്ചു. 2013ൽ ബുക്കർ സമ്മാനവും അദ്ദേഹത്തെ തേടിയെത്തി.

ഷിമോഗ ജില്ലയിലെ തീർത്ഥഹള്ളി താലൂക്കിലെ മെലിഗെ ഗ്രാമത്തിൽ 1932 ഡിസംബർ 21നായിരുന്നു ജനനം.

# ജനകീയസമിതി രാഷ്ട്രസേവാ പുരസ്കാരം സുഗതകുമാരിക്കും മാധ്യമ അവാർഡ് ക്രിസ് തോമസിനും പ്രവാസി പുരസ്കാരം ജോർജ് തോമസിനും മുഖ്യമന്ത്രി നൽകി




*തിരുവനന്തപുരം:* സ്വതന്ത്ര ആശയ വികസന സംഘടനയായ ജനകീയ സമിതിയുടെ മാധ്യമ അവാർഡ് മലയാള മനോരമ പത്തനംതിട്ട ന്യൂസ് കോ- ഓർഡിനേറ്റർ ക്രിസ് തോമസിനും, ജനകീയസമിതി സംസ്ഥാന പ്രസിഡന്റും ഗാന്ധിയനുമായ കെ.ഇ.മാമ്മന്റെ നവതി സ്മാരകമായി ഏർപ്പെടുത്തിയ രാഷ്ട്രസേവാപുരസ്കാരം കവയിത്രി സുഗതകുമാരിയും, പ്രവാസി പുരസ്കാരം ജർമ്മൻ മെട്രോപ്പോലീറ്റൻ ഇന്റർനാഷണൽ സ്കൂൾ ചെയർമാൻ ജോർജ് തോമസിനും മുഖ്യമന്ത്രി ഉമ്മൻചാണ്ടി വിതരണം ചെയ്തു.

25,000 രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്നതാണ് ജനകീയസമിതി അവാർഡുകൾ.

സാംസ്കാരിക വകുപ്പ് മന്ത്രി കെ.സി.ജോസഫ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി അനി വർഗീസ് ആമുഖപ്രഭാഷണവും അവാർഡു കമ്മറ്റി ചെയർമാൻ ജോർജ് തഴക്കര അവാർഡു ജേതാക്കളെ പരിചയപ്പെടുത്തി.

മുൻ ചീഫ് സെക്രട്ടറി സി.പി.നായർ ചെയർമാനും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ.എം.ആർ.തമ്പാനും, കേരള ഗാന്ധി സ്മാരകനിധി വർക്കിംഗ് ചെയർമാൻ പ്രൊഫ.എൻ.രാധാകൃഷ്ണനും അംഗങ്ങളായ ജഡ്ജിംഗ് കമ്മറ്റിയാണ് അവാർഡ് ജേതാക്കളെ കണ്ടെത്തിയത്.

ഗാന്ധിയൻ ദർശനം നേരിടുന്ന വെല്ലുവിളി-സെമിനാർ സി.പി.നായർ ഉദ്ഘാടനം ചെയ്തു. പ്രൊഫ.എൻ.രാധാകൃഷ്ണൻ വിഷയാവതരണം നടത്തി.

ഗാന്ധിജിയെ വിമർശിക്കാം, എന്നാൽ അവഹേളിക്കരുതെന്ന് അരുന്ധതി റോയിയുടെ പ്രസംഗത്തെ പരാമർശിച്ചുകൊണ്ട് സുഗതകുമാരി പറഞ്ഞു.

# ഫാ.മത്തായി വിലനിലത്ത് ഫൗണ്ടേഷന്റെ ഉദ്ഘാടനം മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിക്കും



*മാ*വേലിക്കരയുടെ ആദ്ധ്യാത്മിക സാംസ്കാരിക സാമൂഹിക വിദ്യാഭ്യാസ മേഖലകളിൽ വികസനത്തിന്റെ കൈയ്യൊപ്പ് പതിപ്പിച്ച റവ.ഫാ.വി.എം.മത്തായി വിലനിലത്തിന്റെ ശതാഭിഷേകത്തോടനുബന്ധിച്ച് ഫാ.മത്തായി വിലനിലത്ത് ഫൗണ്ടേഷന്റെ ഉദ്ഘാടനം 2014 സെപ്റ്റംബർ 14 ഞായറാഴ്ച വൈകിട്ട് 3 മണിക്ക് തഴക്കര മാർത്തോമ പാരീഷ് ഹാളിൽ വെച്ച് വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു.

മാവേലിക്കര ഭദ്രാസന സഹായ മെത്രാപ്പോലീത്ത ജോഷ്വാ മാർ നിക്കോദിമോസ് അദ്ധ്യക്ഷത വഹിക്കും. കേരള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഫൗണ്ടേഷന്റെ ഉദ്ഘാടനം നിർവ്വഹിക്കും. വിവിധ ജീവകാരുണ്യപദ്ധതികളുടെ ഉദ്ഘാടനം ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല നിർവ്വഹിക്കും.

ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത പരുമല കാൻസർ സെന്ററിനായി ഒരു ലക്ഷം രൂപ സ്വീകരിക്കും.

പ്രശസ്തിപത്രവും മെമെന്റോയും അടങ്ങുന്ന ഫാ.മത്തായി വിലനിലത്ത് ഫൗണ്ടേഷൻ അവാർഡ് ഉമ്മൻ ചാണ്ടിക്ക് ജോസഫ് മാർ ത്തോമ മെത്രാപ്പോലീത്ത നൽകും. മലങ്കര കത്തോലിക്ക ആർച്ച് ബിഷപ്പ് കർദ്ദിനാർ ബസേലിയോസ് മാർ ക്ലിമീസ് ഫാ.മത്തായി വിലനിലത്തിന് ശതാഭിഷേക ഉപഹാരം നൽകും. സി.ഐ.ഐ ഡെപ്യൂട്ടി മോഡറേറ്റർ ബിഷപ്പ് തോമസ് കെ. ഉമ്മൻ, ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ഡോ.സഖറിയാസ് മാർ അപ്രേം എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തും. മുൻ ചീഫ് സെക്രട്ടറി സി.പി.നായർ, കൊടിക്കുന്നിൽ സുരേഷ് എം.പി, മുനിസിപ്പൽ ചെയർമാൻ അഡ്വ.കെ.ആർ. മുരളീധരൻ, യു.ഡി.എഫ്. ജില്ലാ ചെയർമാൻ എം.മുരളി, ഡബ്ല്യു.സി.സി.ഡയറക്ടർ മാത്യൂസ് ജോർജ് ചുനക്കര, പി.സി.അലക്സാണ്ടർ മെമ്മോറിയൽ എൻഡോവ്മെന്റ് ട്രസ്റ്റി ജേക്കബ് ചെറിയാൻ, മാവേലിക്കര ഭദ്രാസന സെക്രട്ടറി, ഫാ.ജേക്കബ് ജോൺ ശാസ്താംകോട്ട ബൈബിൾ കോളജ് പ്രിൻസിപ്പൽ റവ. ഡോ. മാത്യു വൈദ്യൻ കോർ എപ്പിസ്കോപ്പാ, ബിഷപ്പ്മൂർ കോളജ് മുൻ പ്രിൻസിപ്പൽ പ്രൊഫ.എ.കെ. ചെറിയാൻ കൊഴുവല്ലൂർ, അഡ്വ.പ്രകാശ്കുമാർ ചരളേൽ, ജോസ് എം. വിലനിലം, സാം വറുഗീസ് വിലനിലത്ത്, കുവൈറ്റ്, സ്വാഗതസംഘം ചെയർമാനായി യു.കെ- ആഫ്രിക്കൻ ഭദ്രാസനാധിപൻ ഡോ.മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തയും, ജനറൽ കൺവീനർമാരായി അനി വർഗീസ്, ജോർജ് തഴക്കര എന്നിവരുമടങ്ങുന്ന വിപുലമായ കമ്മറ്റി പ്രവർത്തിച്ചുവരുന്നു.

കൊല്ലം ഭദ്രാസന സെക്രട്ടറി, മാനേജിംഗ് കമ്മറ്റി അംഗം, അഖില മലങ്കര ബാലസമാജം വൈസ് പ്രസിഡന്റ്, മാവേലിക്കര യൂണിയൻ ക്രിസ്ത്യൻ ഫെലോഷിപ്പ് ചെയർമാൻ, വൈ.എം.സി.എ പ്രസിഡന്റ്, ഭദ്രാസനത്തിന്റെയും ഓർത്തഡോക്സ് കൺവൻഷന്റെയും ശില്പി എന്നീ നിലകളിൽ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച ഫാ.മത്തായി വിലനിലത്ത് സുനാമി ബാധിതപ്രദേശങ്ങളിൽ നടത്തിയ ജീവകാരുണ്യപ്രവർത്തനങ്ങൾ ഏറെ ശ്രദ്ധിക്കപ്പെട്ടു.

ഒരു കോടി രൂപായിൽനിന്നുള്ള തുക ജീവകാരുണ്യം ഉൾപ്പെടെയുള്ള വിവിധ പദ്ധതികൾക്കായി വർഷം തോറും പ്രയോജനപ്പെടുത്തുക, സമുന്നതരെ ആദരിക്കുക, പ്രതിബദ്ധതാസമൂഹത്തിനുവേണ്ടി പ്രയത്നിക്കുക എന്നിവയാണ് ഫൗണ്ടേഷന്റെ പ്രാരംഭപ്രവർത്തനങ്ങൾ.

## PEACE OF MIND CHARITIES, LLC
130 Alburger Ave, Philadelphia. PA 19115,



*ഫിലഡൽഫിയ:* പീസ് ഓഫ് മൈൻഡ് ചാരിറ്റീസിന്റെ നേതൃത്വത്തിൽ ടൈംസ് ഓഫ് അമേരിക്ക ഓൺ ലൈൻ ന്യൂസിന്റെയും കേരളത്തിൽ പ്രവർത്തിച്ചുവരുന്ന ഗുരു നിത്യ ചൈതന്യ യതി ഫൗണ്ടേഷന്റെയും സഹകരണത്തിൽ ചികിത്സാ സഹായവും വിദ്യാഭ്യാസ സ്കോളർഷിപ്പും നൽകുവാനുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിരിക്കുന്നു.

സാമ്പത്തിക ക്ലേശത്താൽ നട്ടംതിരിയുന്ന കുടുംബങ്ങൾക്ക് രോഗചികിത്സയ്ക്കും വിദ്യാഭ്യാസ സഹായത്തിനുമായി പീസ് ഓഫ് മൈൻഡ് ചാരിറ്റീസ് ഫണ്ട് സമാഹരിക്കുന്നു.

നിങ്ങൾ നൽകുന്ന ജീവകാരുണ്യ തുക പീസ് ഓഫ് മൈൻഡിലൂടെ നിങ്ങൾ നിർദ്ദേശിക്കുന്ന അർഹതയുള്ള വ്യക്തികൾക്കു നൽകുവാനുള്ള പദ്ധതിയും ഇതോടൊപ്പം ചെയ്തുവരുന്നു.

അർഹരായവരുടെ കൈകളിൽ നിങ്ങൾ നൽകുന്ന സഹായം നൽകുവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ജനനം, മാമോദിസ, വിവാഹം തുടങ്ങിയുള്ള ആഘോഷങ്ങളിൽ നിന്നും ഒരു നിശ്ചിത തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുവാൻ തീരുമാനിക്കുകയും നിങ്ങളുടെ സുഹൃത്തുക്കളോടും, ബന്ധുക്കളോടും ഇതിന്റെ ആവശ്യകതയെക്കുറിച്ചു ബോധ്യപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അനേകരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാനും കൈപിടിച്ചുയർത്തുവാനും കഴിയും. അവരുടെ പ്രാർത്ഥന നിങ്ങളുടെ ജീവിതത്തെ കുറച്ചുകൂടി മെച്ചപ്പെടുത്തുവാൻ സഹായിക്കും.

കൂടുതൽ വിവരങ്ങൾക്ക്: **Tel: 267-991-2111.**

## ഇന്തോ–അമേരിക്കൻ പ്രസ് ക്ലബ് ജനറൽ സെക്രട്ടറി



*ന്യൂയോർക്ക്:* പ്രമുഖ അമേരിക്കൻ മലയാളി മാധ്യമപ്രവർത്തക വിനീത നായരെ ഇന്തോ- അമേരിക്കൻ പ്രസ് ക്ലബ് ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുത്തതായി പ്രസിഡന്റ് അജയ് ഘോഷ്, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഫാ. ജോൺസൺ പുഞ്ചകോണം എന്നിവർ അറിയിച്ചു.

വിദ്യാർത്ഥിനിയായിരിക്കുമ്പോൾ മുതൽ ദൃശ്യമാധ്യമരംഗത്ത് പ്രവർത്തനമാരംഭിച്ച വിനീത കേരളത്തിലും അമേരിക്കയിലുമായി പല പ്രമുഖ ചാനലുകളിലും അവതാരകയായും, ഇന്റർവ്യൂവറായും പ്രവർത്തിച്ചിട്ടുണ്ട്. മലയാളം ഐ.പി.ടി.വിയുടെ മലയാളം ന്യൂസിലൂടെ എല്ലാ അമേരിക്കൻ മലയാളികൾക്കും സുപരിചിതയാണ് വിനീത. മുൻ ഇന്ത്യൻ പ്രധാനമന്ത്രി വാജ്പേയ് ഉൾപ്പെടെ നിരവധി പ്രമുഖർ പങ്കെടുത്ത ചടങ്ങുകളിൽ എം.സിയായി പ്രവർത്തിച്ച് തന്റെ കഴിവുകൾ തെളിയിച്ചിട്ടുണ്ട്.

കേരള സർവകലാശാലയിൽ നിന്നും ജേർണലിസത്തിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ വിനീത ബാംഗ്ളൂരിലും, തിരുവനന്തപുരത്തും അഡ്വർടൈസിംഗ് മേഖലയിൽ ക്രിയേറ്റീവ് കോപ്പി റൈറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ പ്രമുഖ പത്രങ്ങളിലും ആനുകാലിക പ്രസിദ്ധീകരണങ്ങളിലും ധാരാളം ലേഖനങ്ങളും വിനീതയുടെ സംഭാവനകളായുണ്ട്. മാധ്യമ പ്രവർത്തനങ്ങൾ കൂടാതെ പ്രസംഗിക്കാൻ മറ്റുള്ളവരെ പ്രാപ്തരാക്കുന്നതുമായ പ്രസ്ഥാനത്തിനുടമ കൂടിയാണ് വിനീത.

വിനീതയെ ഇന്തോ- അമേരിക്കൻ പ്രസ് ക്ലബിന്റെ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് ലഭിച്ചത് എന്തുകൊണ്ടും പ്രസ് ക്ലബിന്റെ വളർച്ചയ്ക്കും, അമേരിക്കൻ മാധ്യമരംഗത്തിനു തന്നെയും ഒരു മുതൽക്കൂട്ടാണെന്ന് പ്രസിഡന്റ് ഡോ. അജയ് ഘോഷ്, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഫാ. ജോൺസൺ പുഞ്ചകോണം എന്നിവർ അഭിപ്രായപ്പെട്ടു.



## വാർത്താസമാഹരണം
## ജോയിച്ചൻ പുതുക്കുളം



ജനകീയസമിതി പ്രവാസി പുരസ്കാരം ജർമ്മൻ മെട്രോപ്പോലീറ്റൻ ഇന്റർനാഷണൽ സ്കൂൾ ചെയർമാൻ ജോർജ് തോമസിനു മുഖ്യമന്ത്രി ഉമ്മൻചാണ്ടി നൽകുന്നു. സന്തോഷ് കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി അനി വർഗീസ്, ഡോ.എം.ആർ.തമ്പാൻ, ക്രിസ് തോമസ്, അവാർഡുകമ്മറ്റി ചെയർമാൻ ജോർജ് തഴക്കര, സാംസ്കാരിക വകുപ്പ് മന്ത്രി കെ.സി.ജോസഫ് എന്നിവർ സമീപം.

# സംയുക്ത ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ സമാപിച്ചു



*ന്യൂയോർക്ക്:* എൽമേണ്ട് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ട ബ്രൂക്ക്ലിൻ, ക്വീൻസ്, ലോംഗ് ഐലന്റ് ഏരിയയുടെ സംയുക്ത ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ വിജയകരമായി സമാപിച്ചു.

ന്യൂയോർക്ക് ഏരിയയിൽ നിന്നുള്ള ഒമ്പത് പള്ളികളിൽ നിന്നായി ഇരുനൂറോളം കുട്ടികൾ പങ്കെടുത്തു.

'ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു' (സങ്കീർത്തനങ്ങൾ 24:1) എന്ന ചിന്താവിഷയത്തെ അടിസ്ഥാനമാക്കി റവ.ഫാ.ജോയ്സ് പാപ്പച്ചൻ നടത്തിയ ക്ലാസ് വിജ്ഞാനപ്രദവും ചിന്താർഹവുമായിരുന്നു. കുട്ടികളുടെ വ്യക്തിത്വവികസനത്തിനുതകുന്ന തരത്തിൽ വേദപുസ്തകത്തെ അടിസ്ഥാനമാക്കി ബൈബിൾ ക്വിസ്, പഠനക്ലാസ്, കലാപരിപാടികൾ മുതലായവ ഒവിബിഎസിൽ ക്രമീകരിച്ചിരുന്നു.

ഒ.വി.ബി.എസിന്റെ സമാപനമായി നടത്തിയ റാലിയിൽ കുട്ടികളും മാതാപിതാക്കളും അടക്കം ധാരാളം പേർ പങ്കെടുത്തു. ഈവർഷത്തെ ഒ.വി.ബി.എസിന്റെ വിജയകരമായ നടത്തിപ്പിന് നേതൃത്വം നൽകിയത് ഏരിയാ കോർഡിനേറ്റർ മിസ്സിസ് ജോളി ഐസക്ക് ആയിരുന്നു. സൺഡേ സ്കൂൾ ഡയറക്ടർ ഫാ. ഗ്രിഗോറി വർഗീസ്, സൺഡേ സ്കൂൾ സെക്രട്ടറി ബെന്നി വർഗീസ്, ഒവിബിഎസ്. ഡയറക്ടർ സ്റ്റീവ് കുര്യൻ എന്നിവരുടെ സംയുക്തമായ പ്രവർത്തനം വളരെ പ്രശംസനീയമായിരുന്നു. സെമിനാരി വിദ്യാർത്ഥിയായ ബോബി വർഗീസ് എന്നിവരുടെ സഹകരണം ഒ.വി.ബി.എസിന്റെ വിജയത്തിന് മാറ്റേകി.



# കനേഡിയൻ മലയാളി അസോസിയേഷന്റെ ഓണാഘോഷം 13 ന്

**ജയ്സൺ കിഴക്കയിൽ**

ടൊറന്റോ: കനേഡിയൻ മലയാളികളുടെ ഈ വർഷത്തെ ഓണാഘോഷം സെപ്റ്റംബർ 13ന് (ശനി) നാലു മുതൽ മിസിസാഗോ സെന്റ് ഫ്രാൻസിസ് സേവ്യർ സെക്കൻഡറി സ്കൂളിൽ നടക്കും.

ഒന്റാരിയോവിലെ മന്ത്രിമാരും എംപിമാരും എംപിപിമാരും ഇന്ത്യൻ കോൺസുലേറ്റിലെയും പനോരമ ഇന്ത്യയുടെയും പ്രതിനിധികളും ചടങ്ങിൽ പങ്കെടുക്കും.

ഏറ്റവും നന്നായി കേരളീയ വേഷം ധരിച്ചുവരുന്ന പുരുഷനും സ്ത്രീക്കും ആൺകുട്ടിക്കും പെൺകുട്ടിക്കും എയർട്രാവൽ കാനഡയ്ക്കുവേണ്ടി ടോം വർഗീസ് സ്പോൺസർ ചെയ്യുന്ന അവാർഡുകൾ നൽകും.

അത്തപ്പൂക്കള മത്സരവും ഓണാഘോഷത്തോടനുബന്ധിച്ച് നടക്കും. വിജയികൾക്ക് തോമസ് തോമസ് സ്പോൺസർ ചെയ്തിരിക്കുന്ന എവറോളിംഗ് ട്രോഫികളും സമ്മാനങ്ങളും ലഭിക്കും. കൂടാതെ നിരവധി സമ്മാനങ്ങൾ ഡോർപ്രൈസായിട്ടും നൽകുന്നുണ്ട്.

നാലു മുതൽ ആറു വരെയാണ് ഓണസദ്യ. 15 ഡോളറാണ് ടിക്കറ്റ് നിരക്ക്. കുട്ടികൾക്ക് 10 ഡോളറും. ടിക്കറ്റുകൾ മുൻകൂട്ടി ബുക്കു ചെയ്യാവുന്നതാണ്.

ഓണാഘോഷത്തോടനുബന്ധിച്ച് വിവിധ കലാ പരിപാടികളായ ഡാൻസ്, പാട്ട്, ചെണ്ടമേളം, കോമഡിഷോ, പുലികളി, കാവടിയാട്ടം, തിരുവാതിര, വള്ളംകളി തുടങ്ങിയ പരിപാടികളും ഒരുക്കിയിട്ടുണ്ടെന്ന് എന്റർടെയിൻമെന്റ് കൺവീനർമാരായ ബിനോയി തങ്കച്ചനും മോഹൻ അരിയത്തും അറിയിച്ചു.

ടൊറന്റോയിലെ പ്രമുഖ ഡാൻസ് സ്കൂളുകളായ നൃത്തകലാകേന്ദ്ര ഡാൻസ് അക്കാഡമി, നുപുര സ്കൂൾ ഓഫ് ഡാൻസ് ആൻഡ് മ്യൂസിക്, ആദിശങ്കര സ്കൂൾ ഓഫ് പെർഫോമിംഗ് ആർട്ട് തുടങ്ങിയവരോടൊപ്പം പ്രൊഫഷണൽ ഡാൻസ് ട്രൂപ്പായ എസ്.ജി എക്സ്പ്രഷൻസും ഡാൻസിംഗ് ഡാംസൻസും ഈ വർഷം പ്രോഗ്രാം അവതരിപ്പിക്കുന്നുണ്ട്.

പ്രോഗ്രാമുകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക്: ബിനോയി തങ്കച്ചൻ 647 521 9060, മോഹൻ അരിയത്ത് 416 558 3914 എന്നിവരുമായി ബന്ധപ്പെടുക.

കൂടുതൽ വിവരങ്ങൾക്ക്: sh_vsskäv www.canadianmalayalee.org.

# കേരള കൾച്ചറൽ ഫോറം ഓഫ് ന്യൂജേഴ്സി സിൽവർ ജൂബിലിയും ഓണാഘോഷവും സെപ്റ്റംബർ 13ന്

**വർഗീസ് പ്ലാമൂട്ടിൽ**

*ന്യൂജേഴ്സി:* നോർത്ത് ന്യൂജേഴ്സി മലയാളി സമൂഹത്തിന്റെ കലാ, സാംസ്കാരിക, കായിക രംഗത്ത് നിറഞ്ഞ സാന്നിധ്യമായി കഴിഞ്ഞ കാൽ നൂറ്റാണ്ടു കാലം പ്രവർത്തിച്ചുവരുന്ന കേരള കൾച്ചറൽ ഫോറത്തിന്റെ രജതജൂബിലിയിലും ഓണാഘോഷത്തിലും കേരള റവന്യു മന്ത്രി അടൂർ പ്രകാശ്, ന്യൂയോർക്ക് കോൺസൽ ജനറൽ ഓഫ് ഇന്ത്യ അംബാസഡർ ഡി. എം.മുലേയ്, ബർഗൻ കൗണ്ടി എക്സിക്യൂട്ടീവ് കാത്തല്ൻ ഡോനവൻ എന്നിവർ പങ്കെടുക്കും.

സെപ്റ്റംബർ 13ന് ടീനെക്ക് ബഞ്ചമിൻ ഫ്രാങ്ക്ളിൻ മിഡിൽ സ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന വിപുലമായ പരിപാടികളോടെ ആഘോഷിക്കുന്ന സിൽവർ ജൂബിലിയും ഓണാഘോഷവും ഉച്ചയ്ക്ക് ഒന്നു മുതൽ വിഭവസമൃദ്ധമായ ഓണസദ്യയോടെ ആരംഭിക്കും. തുടർന്ന് ചെണ്ടമേളം, മാവേലിയുടെ എഴുന്നള്ളത്ത്, താലപ്പൊലി എന്നിവയുടെ അകമ്പടിയോടെ കേരളത്തനിമയുള്ള വർണശബളമായ ഘോഷയാത്ര, കേരളത്തിലെയും അമേരിക്കയിലെയും രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, മതനേതാക്കൾ പങ്കെടുക്കുന്ന പൊതുസമ്മേളനം, കുട്ടികളുടെ നൃത്തനൃത്യങ്ങൾ, വൈവിധ്യമാർന്ന കലാപരിപാടികൾ, സുശീൽ വർക്കലയും ലാൽ അങ്കമാലിയും അവതരിപ്പിക്കുന്ന വോഡാഫോൺ കോമഡി മാമാങ്കം ബിന്യ പ്രസാദ് നയിക്കുന്ന സിനിമാറ്റിക്ക് ഡാൻസ് ചലച്ചിത്ര പിന്നണി ഗായിക കാർത്തികയും ജെംസൺ കുറിയാക്കോസും അവതരിപ്പിക്കുന്ന ഗാനമേള എന്നിവ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടും.

ബർഗൻ കൗണ്ടി എക്സിക്യൂട്ടീവ് കാത്ത്ലിൻ ഡോനവൻ കേരള കൾച്ചറൽ ഫോറം പ്രവർത്തകരുമായി കൂടിക്കാഴ്ച നടത്തി. സിൽവർ ജൂബിലിയിലും ഓണാഘോഷത്തിലും സംബന്ധിക്കുവാനുള്ള ക്ഷണം സ്വീകരിക്കുകയും ചെയ്തു.

കൂടുതൽ വിവരങ്ങൾക്ക്: ടി. എസ്. ചാക്കോ 201 262 5979 ഡോ. ജോജി ചെറിയാൻ 201 483 7595, ജോയി ചാക്കപ്പൻ 201 343 6072, ദേവസി പാലാട്ടി 201 836 4910, ടി. എം. സാമുവൽ 201 836 6537.

# ശങ്കരത്തിൽ കുടുംബയോഗം നടന്നു



*ഫിലഡൽഫിയ:* ശങ്കരത്തിൽ കുടുംബത്തിലെ അമേരിക്കയിലും കാനഡായിലും വസിക്കുന്ന കുടുംബാംഗങ്ങളുടെ സമ്മേളനം ഓഗസ്റ്റ് 23 ന് ഫിലഡൽഫിയായിലെ അസൻഷൻ മാർത്തോമ ചർച്ച് ഓഡിറ്റോറിയത്തിൽ വച്ചു നടന്നു.

കുടുംബയോഗം പ്രസിഡന്റ് ഫാ. ഡോ. യോഹന്നാൻ ശങ്കരത്തിൽ കോറെപ്പിസ്കോപ്പായുടെ അധ്യക്ഷതയിൽ പ്രാർഥനയോടു കൂടി സമ്മേളനം ആരംഭിച്ചു.

പ്രസിഡന്റും വൈസ് പ്രസിഡന്റുമാരായ അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ താമസിക്കുന്ന കുടുംബാംഗങ്ങളായ വൈദീകരും ചേർന്നു നിലവിളക്കു കൊളുത്തി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ.ഫിലിപ്പ് ശങ്കരത്തിൽ, ഫാ. ഡോ. സി. കെ. രാജൻ, ഫാ. ഡോ. വർഗീസ് ഡാനിയേൽ, ഫാ.കെ.കെ. ജോൺ, ഫാ. ബിനു എബ്രഹാം, ഡീക്കൻ ജോൺ ശങ്കരത്തിൽ, സി.മാത്യു ശങ്കരത്തിൽ (എഡ്മണ്ടൺ, കാനഡ) എന്നിവർ കുടുംബയോഗത്തിന്റെ ആവശ്യകതയേയും ശ്രേഷ്ഠതയെയും പറ്റി സംസാരിച്ചു. മാർത്തോമ ശ്ലീഹായാൽ പാലൂർ, പറവൂർ എന്നിവിടങ്ങളിൽ വച്ച് ജ്ഞാനസ്നാനമേറ്റ, ശങ്കരപുരി, പകലോമറ്റം, കള്ളി, കാളിയാങ്കൽ എന്നീ നാലു ബ്രാഹ്മണ ഇല്ലങ്ങളിലെ പിതാക്കന്മാർ അവിടെ നിന്ന് തെക്കോട്ടു യാത്രയായി. കുറവിലങ്ങാട് എത്തിയതും അവിടെ നിന്ന് വിവിധ സ്ഥലങ്ങളിൽ പോയി താമസിച്ചതിന്റെ ചരിത്രവും ശങ്കരപുരി കുടുംബക്കാർ തൊടുപുഴയ്ക്കടുത്തുള്ള തലയനാട്ടു നിന്നും പന്തളത്തു രാജാവിന്റെ ആശ്രിതരായി പന്തളം കടയ്ക്കാടിനു സമീപം തലയനാട്ടു താമസിച്ചതും, അവിടെയും ശങ്കരപുരി(ശങ്കരത്തിൽ) എന്ന പേരു സ്വീകരിച്ചതും, 1665 മുതൽ ഉള്ള പിതാക്കന്മാരെക്കുറിച്ചും അവരുടെ പിൻതലമുറക്കാരായ ശാഖാ കുടുംബക്കാർ വിവിധ സ്ഥലങ്ങളിൽ പോയി പാർത്തതിനെക്കുറിച്ചും 1970ൽ ഈ കുടുംബക്കാർ അമേരിക്കയിൽ കുടിയേറിപ്പാർത്തതിനെ കുറിച്ചും കുടുംബയോഗം പ്രസിഡന്റ്, വളരെ ചുരുക്കമായി വിശദീകരിച്ചു. സജി വർഗീസ്, വിനീത് വർഗീസ്, ആദർശ് വർഗീസ് എന്നിവരുടെ ഗാനാലാപനം സമ്മേളനത്തിനു മാറ്റു കൂട്ടി.

ആശാ ശങ്കരത്തിൽ പന്തളത്തു നിന്നും നൂറനാട് താമസമാക്കിയ ശാഖയുടെ ചരിത്രം അവതരിപ്പിച്ചത് പുതിയ തലമുറക്ക് ആവേശം പകർന്നു. 70 വയസിനു മുകളിലുള്ള ആത്മായ കുടുംബാംഗങ്ങൾക്കും, കുടുംബാംഗങ്ങളായ എല്ലാ വൈദികർക്കും പൊന്നാട നൽകി ആദരിച്ചു. ശങ്കരത്തിൽ കുടുംബത്തിലെ മുതിർന്ന വൈദികനും ഏറ്റവും കൂടുതൽ കുടുംബാംഗങ്ങൾ ഇവിടെയെത്തുന്നതിന് കാരണക്കാരനും, മലങ്കര ഓർത്തഡോക്സ് സഭയുടെ അമേരിക്കയിലെ ആദ്യത്തെ ഇടവക സ്ഥാപകനും വികാരിയും അമേരിക്കയിലെ പ്രഥമ കോറെപ്പിസ്കോപ്പായും ശങ്കരത്തിൽ കുടുംബത്തിന്റെ അമേരിക്കയിലെ കുടുംബയോഗ പ്രസിഡന്റുമായ ഫാ. ഡോ. യോഹന്നാൻ ശങ്കരത്തിൽ കോറെപ്പിസ്കോപ്പായെ എല്ലാ വൈദീകരും ചേർന്ന് പൊന്നാട അണിയിച്ച് ആദരിച്ചു.

കേരളത്തിലെ ശങ്കരത്തിൽ കുടുംബത്തിൽപ്പെട്ട, സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് ധനസഹായം കേരളത്തിലെ ആഗോള കുടുംബയോഗ പ്രസിഡന്റ് ഫാ. ജോൺ ശങ്കരത്തിലുമായി ആലോചിച്ചു നൽകുന്നതിനായി ഒരു ചാരിറ്റി ഫണ്ട് ട്രഷറർ രാജു ശങ്കരത്തിൽ പ്രസിഡന്റിനെ ഏൽപ്പിച്ചു കൊണ്ട് ഉദ്ഘാടനം ചെയ്തു. 3000 ൽപരം മൈൽ അകലെയുള്ള ആൽബർട്ടാ, കാലിഫോർണിയാ എന്നിവിടങ്ങളിൽ നിന്നുൾപ്പെടെ 150 ഓളം കുടുംബാംഗങ്ങൾ സംബന്ധിച്ചു.

വിവിധ സ്ഥലങ്ങളിൽ നിന്നും എത്തിയവരിൽ നിന്നും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് വിപുലമായ ഒരു കമ്മിറ്റി രൂപീകരിച്ചു. അടുത്ത വർഷം ഓഗസ്റ്റ് 21, 2015 വെള്ളിയാഴ്ച ന്യൂയോർക്ക് സിറ്റി, സ്റ്റാച്യു ഓഫ് ലിബർട്ടി ക്രൂയിസ് എന്നിവയും, ഓഗസ്റ്റ് 22 ശനിയാഴ്ച ന്യൂയോർക്കിൽ വച്ചു രാവിലെ മുതൽ കുടുംബയോഗവും നടത്തുന്നതാണ്. സെക്രട്ടറി സജീവ് ശങ്കരത്തിൽ ഏവർക്കും സ്വാഗതം അർപ്പിച്ച്, മാസ്റ്റർ ഓഫ് സെറിമണിയായി പ്രവർത്തിച്ചു. യോഹന്നാൻ ശങ്കരത്തിൽ ഏവർക്കും കൃതജ്ഞത രേഖപ്പെടുത്തി. ക്രിസ്റ്റഫർ യോഹന്നാനും റെൻജുവും കൂടി കുടുംബ യോഗത്തിന്റെ ലോഗോ വെച്ചുണ്ടാക്കിയ ടി ഷർട്ടും, ബോബി ശങ്കരത്തിൽ അവിടെ എത്തിച്ചേർന്നവരുടെ അഡ്രസ് ഡയറക്ടറിയും തയാറാക്കിയത് വിതരണം ചെയ്തു. വിഭവ സമൃദ്ധമായ ഉച്ചഭക്ഷണത്തോടുകൂടി യോഗം സമാപിച്ചു.

യോഹന്നാൻ ശങ്കരത്തിൽ (പി.ആർ.ഒ) അറിയിച്ചതാണിത്.

# ഫാ. അലക്സാണ്ടർ കുര്യൻ യുഎസ് പൊതുഭരണ വിഭാഗം ഡപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ

**ജോൺസൺ പുഞ്ചക്കോണം**



*വാഷിംഗ്ടൺ ഡിസി:* അമേരിക്കയുടെ പൊതുഭരണ വിഭാഗത്തിലെ ഓഫീസ് ഓഫ് ഗവൺമെന്റ് വൈഡ് പോളിസി ഡപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ ആയി മലയാളിയായ ഫാ. അലക്സാണ്ടർ കുര്യൻ നിയമിതനായി. സെപ്റ്റംബർ എട്ടിന് ചുമതലയേൽക്കും.

കഴിഞ്ഞ കുറെ വർഷങ്ങളായി യുഎസ് വിദേശകാര്യ വകുപ്പിൽ സ്ട്രാറ്റജിക് പ്ലാനിംഗ് വിഭാഗം ഡയറക്ടറായി സേവനം അനുഷ്ഠിക്കുകയായിരുന്നു ഫാ അലക്സാണ്ടർ കുര്യൻ. വിവിധ രാജ്യങ്ങളിൽ പുതിയ യുഎസ് കോൺസുലേറ്റുകളും എംബസികളും ആരംഭിക്കുന്നതിന്റെ ചുമതലയായിരുന്നു വഹിച്ചിരുന്നത്.

ഹരിപ്പാട് പള്ളിപ്പാട് കടക്കൽ കോശി കുര്യന്റെ മകനായ ഫാ. അലക്സാണ്ടർ കുര്യൻ മലങ്കര ഓർത്തഡോക്സ് സഭയിലെ വൈദികനാണ്. ഭാര്യ: കാർത്തികപ്പള്ളി കല്ലേലിൽ കുടുംബാംഗമായ അന്ന അലക്സാണ്ടർ (അജിത). മക്കൾ: അലിസ അലക്സാണ്ടർ, നടാഷ അലക്സാണ്ടർ, ഏലിയ അലക്സാണ്ടർ.

# മായ സരിഹാന് വിജയകിരീടം

**പി.പി. ചെറിയാൻ**

*കാലിഫോർണിയ:* ഓഗസ്റ്റ് 23ന് ലോസ്ആഞ്ചലസ് റിണയ്സൻസ് മെയ്ൻ ബോൾറൂമിൽ തിങ്ങിനിറഞ്ഞ സദസിനെ സാക്ഷിയാക്കി നടന്ന മിസ് ഇന്ത്യ-അമേരിക്ക 2014 മത്സരത്തിൽ മായ സരിഹാൻ വിജയ കിരീടം അണിഞ്ഞു.

സ്പിരിട്ട് ഓഫ് ഇന്ത്യ സംഘടിപ്പിച്ച മത്സരത്തിൽ രണ്ട് ഡസനിലധികം മത്സരാർഥികളാണ് വിവിധ കിരീടങ്ങൾക്കായി അണിനിരന്നത്. മത്സരാർഥികളുടെ ശാരീരിക സൗന്ദര്യത്തിനു പുറമെ, ആത്മ വിശ്വാസം, ബുദ്ധി കൂർമത എന്നിവയാണ് വിധി കർത്താക്കൾ പരിഗണിച്ചത്.

2013ലെ ഇന്ത്യൻ അമേരിക്കൻ സുന്ദരിയായ അനീഷ പട്ടേൽ, സുപ്രസിദ്ധ സിനിമാ താരം നട്ടേഷ തുടങ്ങിയവർ വിജയിയെ അഭിനന്ദിച്ചു.

## ഡിട്രോയ്റ്റ് മലയാളി അസോസിയേഷന്റെ ഓണാഘോഷം 6ന്

**വിനോദ് കൊണ്ടൂർ**

*ഡിട്രോയ്റ്റ്:* മിഷിഗണിലെ ഏറ്റവും വലിയ മലയാളി സംഘടനയായ ഡിട്രോയ്റ്റ് മലയാളി അസോസിയേഷന്റെ ഓണാഘോഷം 6ന് മിഷിഗണിലെ മാഡിസൺ ഹൈറ്റ്സിലുള്ള ലാംഫെയർഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ നടക്കും.

എല്ലാ വർഷത്തെയും പോലെ ഈ വർഷവും വ്യത്യസ്തമായ പരിപാടികളാണ് ഡിഎംഎ അവതരിപ്പിക്കുന്നത്. ഓണസദ്യയോടൊപ്പം കലാസദ്യയും ഒരുക്കി 2014 ലെ ഓണാഘോഷം ഒരു അവിസ്മരണീയമാക്കനുള്ള തയാറെടുപ്പിലാണ് സംഘാടകർ. പതിനെട്ടിൽ പരം കറികളും പായസവുമൊക്കെയായി ഫുൾ കോഴ്സ് ഓണസദ്യയാണ് സംഘാടകർ ഒരുക്കുന്നത്. ഉച്ചകഴിഞ്ഞ് ഒന്നു മുതൽ മൂന്നു വരെയാണ് ഓണസദ്യ. പരിപാടികളുടെ ഏറ്റവും വലിയ ആകർഷണം സൈജാൻ കണിയോടിക്കൽ സംവിധാനം ചെയ്യുന്ന കാമ്പസ് ഡേയ്സ് എന്ന തിയേട്രിക്കൽ ഷോയാണ്. നാട്ടിലെ ഒരു കോളജ് കാമ്പസിലെ കഥ പറയുന്ന ഷോ പുത്തൻ ടെക്നോളോജിയുടെ വിസ്മയമായിരിക്കും. അതോടൊപ്പം പ്രേക്ഷകരെ ഒരു നൊസ്റ്റാൾജിക്ക് കാലഘട്ടത്തിലേക്ക് കൂട്ടിക്കൊണ്ടു പോകുകയും ചെയ്യും.

ഓണമഹോൽസവം വൻവിജയമാക്കുവാൻ പരിപാടികളിൽ പങ്കെടുത്ത് ഈവർഷത്തെ ഓണം ഡിഎംഎയോടൊത്ത് ആഘോഷിക്കണമെന്ന് ഭാരവാഹികളായ പ്രസിഡന്റ് സുനിൽ പൈങ്ങോളും സെക്രട്ടറി രാജേഷ് കുട്ടിയും അഭ്യർഥിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: സുനിൽ പൈങ്ങോൾ 734674 1927.

## ഹഡ്സൺ വാലി മലയാളി അസോസിയേഷൻ ഓണാഘോഷം 6ന്

**ജയപ്രകാശ് നായർ**

*ന്യൂയോർക്ക്:* ഹഡ്സൺ വാലി മലയാളി അസോസിയേഷന്റെ ഈ വർഷത്തെ ഓണാഘോഷം സെപ്തംബർ ആറ് ശനിയാഴ്ച ഉച്ചയ്ക്ക് പന്ത്രണ്ട് മുതൽ കാക്കിയാട്ട് എലിമെന്ററി സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തുന്നു.

പന്ത്രണ്ടു മുതൽ വിഭവസമൃദ്ധമായ ഓണസദ്യ. രണ്ടുമണി മുതൽ വിവിധ കലാപരിപാടികൾ. ചെണ്ടമേളത്തിന്റേയും താലപ്പൊലിയുടേയും അകമ്പടിയോടെ മാവേലിയെ വരവേൽക്കും. വള്ളംകളി, തിരുവാതിര, നൃത്ത നൃത്യങ്ങൾ, ഗാനമേള തുടങ്ങിയവ പരിപാടികളിലെ ചില ഇനങ്ങൾ മാത്രം. പ്രവേശനം പാസ് മൂലം നിയന്ത്രിക്കുന്നതായിരിക്കും.

മുഖ്യാതിഥിയായി റോക്ക്ലാന്റ് കൗണ്ടി എക്സിക്യൂട്ടീവ് എഡ്വിൻ ജെ ഡേ പങ്കെടുക്കും. എല്ലാ മലയാളി സുഹൃത്തുക്കളേയും കുടുംബസമേതം ഈ ആഘോഷത്തിൽ പങ്കുചേരാൻ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫ്ളയർ കാണുക.

ചെയർപെഴ്സൺ ലൈസി അലക്സിന്റെ നേതൃത്വത്തിൽ ഒരു നല്ല ടീം തന്നെ ഓണാഘോഷ പരിപാടി അവതരിപ്പിക്കുന്നതിന് അണിയറയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അന്നേ ദിവസം ഒരു സൗജന്യ ഹെൽത്ത് ഫെയർ ഉണ്ടായിരിക്കുന്നതാണെന്ന് പ്രസിഡന്റ് ജെയിംസ് ഇളംപുരയിടത്തിൽ അറിയിച്ചു.

## ഡോ: സുരേന്ദ്രൻ നായർക്ക് മിലന്റെ യാത്രയയപ്പ്

**വിനോദ് കൊണ്ടൂർ**



*ഡിട്രോയ്റ്റ്:* മിഷിഗണിലെ മലയാള സാഹിത്യ കൂട്ടായ്മയായ മിഷിഗൺ മലയാളി ലിറ്റററി അസോസിയേഷൻ, ആതുര സേവനത്തോടൊപ്പം മലയാള ഭാഷയെ ഹൃദയതുല്യം സ്നേഹിക്കുകയും ഒട്ടേറെ കവിതകൾ ലോക മലയാളികൾക്ക് സമ്മാനിക്കുകയും ചെയ്ത ഡോ. സുരേന്ദ്രൻ നായർക്ക് ഡിട്രോയ്റ്റിലെ മലയാളി പൗര സമൂഹത്തോടൊപ്പം വികാരപൂർവമായ യാത്രയയപ്പ് നൽകി.

പ്രസിഡന്റ് തോമസ് കർത്തനാൾ അധ്യക്ഷത വഹിച്ചു. മീറ്റിംഗിൽ ഡിട്രോയിറ്റിലെ വിവിധ സാംസ്കാരിക സംഘടന നേതാക്കൾ പങ്കെടുത്തു. മിലൻ സെക്രട്ടറി ബിന്ദു പണിക്കർ, ഡോ. സുരേന്ദ്രൻ നായരെ സദസിനു പരിചയപ്പെടുത്തി. അദ്ദേഹത്തിന്റെ കൃതികൾ ചങ്ങമ്പുഴയുടെ കവിതകൾ പോലെ മധുരവും കൊച്ചുകുട്ടികൾക്ക് പോലും മനസിലാകുന്ന ഭാഷാ ശൈലിയും അതോടൊപ്പം തന്നെ ആഴമേറിയ അർഥതലങ്ങളും ഉള്ളതാണെന്ന് ബിന്ദു അഭിപ്രായപ്പെട്ടു.

ഡിട്രോയ്റ്റ് മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റ് മാത്യൂസ് ചെരുവിൽ, ഇന്ത്യ ലീഗ് അസോസിയേഷൻ സെക്രട്ടറി ജോർജ് വണ്ണിലം, സുരേന്ദ്രൻ നായർ (കെഎച്ച്എൻഎ), പ്രവാസി എഴുത്തുകാരൻ അബ്ദുൾ പുന്നയൂർകുളം, ജോസ് ലൂക്കോസ്, ഡോ. രാധാകൃഷ്ണൻ, ബൈജു പണിക്കർ തുടങ്ങിയവർ ഡോ. സുരേന്ദ്രൻ നായർക്ക് ആശംസകൾ നേർന്നു.

ബിനി പണിക്കർ അദ്ദേഹത്തിനുവേണ്ടി ഒരു കവിത ആലപിക്കുകയും സബരി സുരേന്ദ്രൻ അദ്ദേഹത്തിനുവേണ്ടി എഴുതി തയാറാക്കിയ ഒരു കവിത അവതരിപ്പിക്കുകയും ചെയ്തു.

ഇത്രയും വർഷങ്ങൾ മിഷിഗണിൽ താമസിച്ചപ്പോൾ മിലനോട് ചേർന്ന് പ്രവർത്തിക്കാൻ സാധിച്ചതു ഭാഗ്യമായി കരുതുന്നതെന്നു ഡോ. സുരേന്ദ്രൻ മറുപടി പ്രസംഗത്തിൽ പറഞ്ഞു. എവിടെയായിരുന്നാലും മിഷിഗണും ഇവിടുത്തെ മലയാളികളും എപ്പോഴും മനസിലുണ്ടാവുമെന്ന് അദ്ദേഹം ഉറപ്പു നൽകി. ജോയിന്റ് സെക്രട്ടറി അനിൽ ഫിലിപ്പ് നന്ദി പറഞ്ഞു.

കൂടുതൽ വിവരങ്ങൾക്ക്: തോമസ് കർത്തനാൾ 58674 77801.

## ടെക്സസിൽ ഗുരുദേവ ജയന്തി ആഘോഷം 13ന്

**ജോസഫ് മാർട്ടിൻ വിലങ്ങോലിൽ**

*ഡാളസ്:* ശ്രീ നാരായണ മിഷൻ നോർത്ത് ടെക്സസിന്റെ ആഭിമുഖ്യത്തിൽ 160–താമത് ഗുരുദേവ ജയന്തി ആഘോഷങ്ങൾ വിപുലമായ പരിപാടികളോടെ 13ന് ഇർവിംഗ് ചിന്മയാ മിഷൻ ചിത്രക്കൂട്ടിൽ നടക്കും. വൈകുന്നേരം 5.30 മുതൽ 9.30 വരെയാണ് പരിപാടികൾ.

ഗുരുപൂജ, ഘോഷയാത്ര, ഗുരുപ്രഭാഷണം, വൈവിധ്യമാർന്ന കലാപരിപാടികൾ, വിഭവ സമൃദ്ധമായ സദ്യ എന്നിവ ഉണ്ടായിരിക്കും.

ഏവരെയും സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.

കൂടുതൽ വിവരങ്ങൾക്ക് : സന്തോഷ് വിശ്വനാഥൻ: 972 786 4026, നന്ദകുമാർ അമ്മിണി: 214 864 9789, പ്രമോദ് : 214 605 6200, സുജി വാസവൻ: 201 838 6545, ദീപക് : 972 793 2151.

## ടൊറന്റോ അന്താരാഷ്ട്ര ചലച്ചിത്രോത്സവം നാലു മുതൽ

**സുരേഷ് നെല്ലിക്കോട്**

*ടൊറന്റോ:* സെപ്റ്റംബർ നാലു മുതൽ നടക്കുന്ന മുപ്പത്തിയൊമ്പതാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിനായി ടൊറോന്റോ നഗരം അണിഞ്ഞൊരുങ്ങി.

28 പ്രദർശനവേദികളിലായി 70 രാജ്യങ്ങളിൽനിന്നുള്ള 393 ചിത്രങ്ങളാണ് ഇക്കുറി പ്രദർശിപ്പിക്കുന്നത്.

പുതുമുഖങ്ങളായ ഒട്ടേറെ രാജ്യങ്ങൾ തങ്ങളുടെ ചിത്രങ്ങളുമായി ടൊറന്റോ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ പങ്കെടുക്കുമ്പോൾ ഇന്ത്യൻ ചിത്രങ്ങൾ കുറയുകയാണിവിടെ. സൗദി അറേബ്യ, ഖത്തർ, യുഎഇ, പാലസ്തീൻ, ഇസ്രായേൽ, ലാറ്റിൻ അമേരിക്ക, കഴിക്കൻ യൂറോപ്യൻ രാജ്യങ്ങളുടെ പങ്കാളിത്തം അത്ഭുതപൂർവമായി ഉയരുമ്പോൾ മലയാളം ഉൾപ്പെടുന്ന ഭാരതീയ ഭാഷാ ചിത്രങ്ങൾ ഇത്തവണ മേളയിൽ ഇല്ല. 4557 ചിത്രങ്ങളാണ് ചലച്ചിത്രോത്സവത്തിലേക്ക് പ്രവേശനത്തിനായി അപേക്ഷിച്ചിരുന്നത്. അതിൽനിന്ന് 393 ചിത്രങ്ങളാണ് തെരഞ്ഞെടുക്കപ്പെട്ടത്.

ഇന്ത്യൻ ചിത്രങ്ങളായ മാർഗരീറ്റ വിത്ത് എ സ്ട്രോ, കാക്കമുട്ട, മേരികോം, ന്യൂബോൺസ്, ടൈഗേഴ്സ് എന്നീ ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

റീസ് വിതർസ്പൂൺ, റോബർട്ട് ഡ്യൂവൽ, ഡെൻസൽ വാഷിംഗ്ടൺ, റിച്ചാർഡ് ഗിയർ, ജൂലിയറ്റ് ബിനോഷെ, ജോൺ സ്റ്റ്യൂവർട്ട്, ഡോൺ സാവെജ് ജുലി ടെയ്മർ തുടങ്ങിയവരുമായുള്ള സംഭാഷണവേദികൾ ഇക്കുറി മേളയുടെ പ്രത്യേകതയാണ്.

മൈക്കൽ മൂർ, ക്രിസ്റ്റോഫ് സനൂസി, പ്രിയങ്ക ചോപ്ര, മോർഗൻ ഫ്രീമൻ, ജോൺ ട്രവോൾട്ട, ബിൽ മുറെ, കെയ്റ്റ് വിൻസ്ലെറ്റ്, ജെയിൻ ഫോണ്ട എന്നിവരോടൊപ്പം നൂറുകണക്കിന് ചലച്ചിത്ര പ്രമുഖർ പല വേദികളിലായി എത്തുന്നുണ്ട്.

മേളയുടെ വിജയത്തിനായി 2500 ലധികം വോളന്റിയർമാർ തയാറാക്കഴിഞ്ഞു. മേള കഴിഞ്ഞാലും ടിഫിന്റെ നാലു തിയേറ്ററുകളിലായി അടുത്ത ഒരു വർഷത്തേക്ക് പ്രധാന ചിത്രങ്ങൾ പ്രദർശിപ്പിക്കപ്പെടുന്നു എന്നുള്ളതും ഇതിന്റെ പ്രത്യേകതയാണ്.

## തിരുവല്ലാ അസോസിയേഷൻ ഓഫ് ഡാളസ് തിരുവല്ലയിൽ പഠനസഹായ വിതരണം നടത്തി

**ജോസഫ് മാർട്ടിൻ വിലങ്ങോലിൽ**




*ഡാളസ്:* തിരുവല്ലാ അസോസിയേഷൻ ഓഫ് ഡാളസിന്റെ നേതൃത്വത്തിൽ നിർധനരായ വിദ്യാർഥികൾക്കുള്ള യൂണിഫോമും പുസ്തക വിതരണവും ജൂൺ മൂന്നിന് തിരുവല്ലയിൽ നടന്നു.

കറ്റോട് ഗവ.എൽപി സ്കൂളിൽ നടന്ന ചടങ്ങിൽ തിരുവല്ലാ അസോസിയേഷൻ ഓഫ് ഡാളസിന്റെ വൈസ് പ്രസിഡന്റ് സജി നായർ അധ്യക്ഷത വഹിച്ചു. കുട്ടികൾക്കുള്ള യൂണിഫോമും സ്കൂൾ കിറ്റുകളും തിരുവല്ലാ മുൻ മുനിസിപ്പൽ ചെയർമാനും അസോസിയേഷൻ കോഓർഡിനേറ്ററുമായ ചെറിയാൻ പോളചിറക്കൽ വിതരണം ചെയ്തു. തിരുവല്ലാ അസോസിയേഷന്റെ നാട്ടിലെ പരിപാടികൾക്ക് നേതൃത്വം നൽക്കുന്ന ബാബു വർഗീസ് (തലവടി), പോൾ വർഗീസ് മലയിൽ, ബേബി മുളമൂട്ടിൽ തുടങ്ങിയവരും ചടങ്ങിനു നേതൃത്വം നൽകി.

എല്ലാ വർഷവും നടന്നുവരുന്ന ധനസഹായത്തിന്റെ ഭാഗമായി മൂന്ന് സ്കൂളുകൾക്ക് സഹായം ലഭിച്ചു. ഗവ. എൽപി സ്കൂൾ ഹെഡ് മിസ്ട്രസ് രമാ തങ്കച്ചി അസോസിയേഷന്റെ പ്രവർത്തങ്ങൾക്ക് കൃതജ്ഞത രേഖപ്പെടുത്തി. സജി നായർ അസോസിയേഷനെ പ്രതിനിധീകരിച്ച് പ്രസംഗിച്ചു. പ്രവർത്തനങ്ങളിൽ സഹകരിച്ച ഏവർക്കും അദ്ദേഹം നന്ദി അറിയിച്ചു.

‘ഉല്ലാസതിരമാല 2014’ സ്റ്റേജ് ഷോയുടെ ധനസമാഹരണത്തിലൂടെ തിരുവല്ലാ വൈഎംസിഎയുടെ ബുദ്ധി മാന്ദ്യം സംഭവിച്ച കുട്ടികൾക്കുള്ള പുനരധിവാസ പദ്ധതിയിലും അസോസിയേഷൻ ഈ വർഷം പങ്കാളികളായി. അസോസിയേഷൻ പ്രസിഡന്റ് സോണി ജേക്കബിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന ഈ ജീവകാരുണ്യ പ്രവർത്തനത്തിൽ മാത്യു സാമുവൽ, സുനിൽ വർഗീസ് തലവടി, സജി നായർ, ജെ.പി ജോൺ, പ്രസാദ് ഏബ്രഹാം, ബിനോ മാത്യു, സുനു മാത്യു മാമൂട്ടിൽ തുടങ്ങിയവരും ചുക്കാൻ പിടിക്കുന്നു.

For Advertisement Tel: 267-991-2111
CONTACT US

## ഉമ്മൻചാണ്ടിക്കും സുധീരനും ഐഎൻഒസി ഷിക്കാഗോയുടെ അഭിനന്ദനങ്ങൾ





*ഷിക്കാഗോ:* 418 ബാറുകൾ അടച്ചു പൂട്ടുകയും ബാക്കിയുള്ള 312 ബാറുകൾക്കുള്ള ലൈസൻസ് റദ്ദ് ചെയ്യുവാനും തൊഴിലാളികളുടെ പുനരധിവാസത്തിന് പദ്ധതികൾ തയാറാക്കാനും പടിപടിയായി ബിവറേജസ് കോർപ്പറേഷനുകളുടെ ഔട്ട്ലെറ്റ് സ്റ്റോറുകൾ കുറച്ചു കൊണ്ടു വരുവാനും അങ്ങനെ 10 കൊല്ലം കൊണ്ട് കേരള ത്തെ മദ്യത്തിൽ നിന്നും വിമുക്തമാക്കാനുമുള്ള സുപ്രധാനവും സുധീരവുമായ തീരുമാനം കൈക്കൊണ്ട കേരള ഗവൺമെന്റിനും മു ഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കും കെപിസിസി പ്രസിഡന്റ് വി. എം. സുധീരനും, യുഎഡി എഫ് സഖ്യകക്ഷികൾക്കും ഐഎൻഒസി ഷിക്കാഗോ അഭിനന്ദനങ്ങളും അഭിവാദ്യങ്ങളുമർപ്പിച്ചു.

ഇതുപോലുള്ള ധീരമായ തീരുമാനങ്ങൾ കേരളത്തിന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള സുപ്രധാന ചുവടുവയ്പാണെന്ന് യോഗം വിലയിരുത്തി. ഒരു പരിധിവരെ മോഷണവും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും കൊലപാതകങ്ങളും അവസാനിപ്പിക്കുവാൻ മദ്യനിരോധനം ഉതകുമെന്നും വമ്പിച്ച വിപത്തിലേക്കു നീങ്ങിയിരുന്ന കേരള മണ്ണിന്റെ മക്കൾക്ക് ഈ തീരുമാനം സുപ്രധാനമായ വഴിത്തിരിവാകുമെന്നും ഒരു പുതുജീവൻ നൽകുമെന്നും യോഗം അഭിപ്രായപ്പെട്ടു.

യോഗത്തിൽ ഐഎൻഒസി ഷിക്കാഗോ പ്രസിഡന്റ് തോമസ് മാത്യു പടന്നമാക്കൽ അധ്യക്ഷത വഹിച്ചു. വർഗീസ് പാലമലയിൽ, സതീശൻ നായർ, ലൂയി ഷിക്കാഗോ, ജോഷി വള്ളിക്കുളം, റിൻസി കുര്യൻ, മനിഷ് ജോസഫ്, ബാബു മാത്യു, തമ്പി മാത്യു, ഈശോ കുര്യൻ, തോമസ് ദേവസി, സജി തയ്യിൽ ജോസഫ് നാഴിയാംപാറ, ആന്റോ കവലക്കൻ, അജയൻ കുഴിമറ്റം, പി.കെ. നടരാജൻ തുടങ്ങിവർ പങ്കെടുത്തു. ജോസി കുരിശുങ്കൽ കേരള മന്ത്രി സഭയുടെ സുപ്രധാനമായ ഈ തീരുമാനത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനമർപ്പിച്ചുള്ള പ്രമേയം അവതരിപ്പിച്ചു. സന്തോഷ് നായർ, ടോമി അമ്പോനാട്ട്, സാൽബി പോൾ, സിനു പലക്കാത്തടം തുടങ്ങിയവർ ചർച്ചകളിൽ പങ്കെടുത്തു പ്രസംഗിച്ചു. ഹെറാൾഡ് ഫിഗറാദോ നന്ദി രേഖപ്പെടുത്തി.

## ഡോ. സഖറിയാസ് മാർ തെയോഫിലോസ് ഇന്റർനാഷണൽ പ്രെയർ ലൈനിൽ വചന ശുശ്രൂഷ നടത്തുന്നു

**ജീമോൻ റാന്നി**



*ഹൂസ്റ്റൺ:* കഴിഞ്ഞ നാലു മാസങ്ങളായി എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം ടെലി കോൺഫറൻസ് വഴി നൂറുകണക്കിന് വ്യക്തികൾക്ക് ആശ്വാസം പകർന്നു നൽകി കൊണ്ടിരിക്കുന്ന ഇന്റർനാഷണൽ പ്രയർ ലൈനിൽ (ഐപിഎൽ) ഓഗസ്റ്റ് 26 ന് (ചൊവ്വ) രാത്രി ഒമ്പതിന് (ന്യൂയോർക്ക് സമയം) മാർത്തോമ സഭയുടെ ചെങ്ങന്നൂർ മാവേലിക്കര ഭദ്രാസനാധിപൻ ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുവചന ശുശ്രൂഷ നടത്തുന്നു.

യുഎസ്എ, കാനഡ എന്നിവിടങ്ങളിൽ നിന്നുള്ള നിരവധി വ്യക്തിളോടൊപ്പം കേരളത്തിൽ നിന്നും നിരവധി ആളുകൾ ഈ പ്രെയർ ലൈനിൽ പങ്കു ചേർന്നു വരുന്നു. സഭാ വ്യത്യാസമെന്യേ ഏവർക്കും ഈ പ്രെയർ ലൈനിൽ പങ്കാളികളായി അവരുടെ പ്രാർഥനാ വിഷയങ്ങൾ അവതരിപ്പിക്കുന്നതിനും പ്രാർഥിക്കുന്നതിനും അവസരം ഉണ്ടായിരിക്കും. എല്ലാ ചൊവ്വാഴ്ചയും രാത്രി ഒമ്പതിന് ആരംഭിക്കുന്ന ഈ പ്രെയർ ലൈൻ ശുശ്രൂഷയിൽ മധ്യസ്ഥ പ്രാർഥനയോടൊപ്പം അനുഗ്രഹീത പ്രസംഗകരുടെ തിരുവചന ശുശ്രൂഷയും ഉണ്ടായിരിക്കും.

പ്രാർഥനയിൽ പങ്കു ചേരാനാഗ്രഹിക്കുന്നവർ ബന്ധപ്പെടേണ്ട നമ്പർ : 1 559 726 1300, അക്സ് കോഡ് : 656750.

കൂടുതൽ വിവരങ്ങൾക്ക് : 713 436 2207, 586 216 0602.

# ദേശീയ ശ്രീനാരായണ കൺവൻഷൻ അവിസ്മരണീയമായി

**ജോസഫ് മാർട്ടിൻ വിലങ്ങോലിൽ**




*ഫിലാഡൽഫിയ:* സംഘാടനത്തിലെ മികവും പ്രതിനിധികളുടെ ആത്മാർപ്പണവും ഒത്തു ചേർന്ന ഫിലാഡൽഫിയ ദേശീയ ശ്രീനാരായണ സംഗമം അവിസ്മരണീയമായ അനുഭവമായി പരിസമാപിച്ചു. അടുത്ത കൺവൻഷൻ 2016 ജൂലൈയിൽ ഹൂസ്റ്റൺ നഗരത്തിൽ നടക്കും. ഹൂസ്റ്റൺ ശ്രീനാരായണ ഗുരു മിഷൻ പ്രസിഡന്റ് അനിയൻ തയ്യിലിനെ ചെയർമാനും, പ്രമുഖ വ്യവസായിയും സാമൂഹിക പ്രവർത്തകനും ഭാരതീയ പ്രവാസി സമ്മാൻ ജേതാവുമായ ഡോ. എം. അനിരുദ്ധനെ മുഖ്യ രക്ഷാധികാരിയുമായി തെരഞ്ഞെടുത്തു.

ഓഗസ്റ്റ് 8, 9, 10 തീയതികളിൽ വിൻഡാം ഗാർഡൻ ഹോട്ടലിൽ വച്ചു നടന്ന ത്രിദിന കൺവൻഷൻ വിളംബര ഘോഷയാത്രയോടെയാണ് സമാരംഭിച്ചത്. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേർന്ന കുടുംബാംഗങ്ങൾ ഒരേ മനസ്സോടെ ഒരേ വികാരത്തോടെ അണിനിരന്നു. ഗുരുദേവ ചിത്രവും പീതപതാകകളും മുത്തുക്കുടകളും വാദ്യഘോഷങ്ങളും താലപ്പൊലിയുമായി നടന്നു നീങ്ങിയ ഗുരുദേവഭക്തർ സ്നേഹ നഗരിക്ക് പുത്തൻ അനുഭവമായി. സമ്മേളന നഗറിൽ സ്ഥാപിച്ച ഗുരുദേവ ചിത്രത്തിന് മുൻപിൽ ഓം നമോ നാരായണായ എന്ന മന്ത്ര ധ്വനിയാൽ മുഖരിതമായ ഭക്തി സാന്ദ്രമായ അന്തരീക്ഷത്തിൽ വിശിഷ്ടാഥിതികളും ഭാരവാഹികളും ചേർന്ന് ഭദ്രദീപം തെളിയിച്ചു. തുടർന്ന് ഫിലാഡൽഫിയ ശ്രീനാരായണ അസ്സോസ്സിയഷൻ കുടുംബാംഗങ്ങൾ ദൈവദശകം ആലപിച്ചു. ദേശീയ ശ്രീനാരായണ കൺവൻഷൻ കമ്മറ്റി ചെയർമാൻ അഡ്വ.കല്ലുവിള വാസുദേവന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിന്റെ ഔപചാരികമായ ഉത്ഘാടന കർമ്മം നിർവ്വഹിച്ചത് ശിവഗിരി ശ്രീനാരായണ ധർമ്മ സംഘം പ്രതിനിധിയായി എത്തിയ ശ്രീമദ് സച്ചിദാനന്ദ സ്വാമികൾ ആയിരുന്നു. കേരള വെറ്ററിനറി സർവ്വ കലാശാല വൈസ് ചാൻസലർ ഡോ.ബി. അശോക് മുഖ്യ പ്രഭാഷണം നടത്തി. സ്വാമി ബോധി തീർത്ഥയുടെ അനുഗ്രഹ പ്രഭാഷണത്തെ തുടർന്ന് അമേരിക്കയിലെ വിവിധ ശ്രീനാരായണ പ്രസ്ഥാനങ്ങളെയും പോഷക സംഘടനകളെയും പ്രതിനിധീകരിച്ചു കൊണ്ട് ഡോ.എം അനിരുദ്ധൻ, അനിയൻ തയ്യിൽ, സജീവ് ചേന്നാട്ട്, ലക്ഷ്മിക്കുട്ടി പണിക്കർ, സുരേഷ് കുമാർ, ശ്രീനിവാസൻ ശ്രീധരൻ, ഡോ. മുരളീ രാജൻ, കാർത്തിക കൃഷ്ണൻ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. സംഘാടക സമിതി സെക്രട്ടറി പ്രസാദ് കൃഷ്ണൻ സ്വാഗതം ആശംസിച്ചു. അമേരിക്കയിലെ വിവിധ പ്രദേശങ്ങളിൽ നിന്നും എത്തിച്ചേർന്ന കുടുംബാംഗങ്ങൾ അവതരിപ്പിച്ച കലാപരിപാടികൾ ചടങ്ങുകൾക്ക് ദൃശ്യ ശ്രവ്യ ചാരുത പകർന്നപ്പോൾ തികച്ചും അനിർവ്വചനീയമായ അനുഭവമായി തീർന്നു.

രണ്ടാം ദിവസം ഗുരുദേവ ദർശനങ്ങളുടെ അഗാധ തലങ്ങളിലേക്ക് ഇറങ്ങി ചെന്ന് കൊണ്ട് വിവിധ വിഷയങ്ങളെ അധികരിച്ച് പ്രഗത്ഭർ ക്ലാസ്സുകൾ നയിച്ചു. ഗുരുദേവന്റെ ഏകലോക ദർശനം, ഗുരു ഋഷീശ്വരനായ കവി, നിത്യജീവിതത്തിൽ ഗുരുദേവ ദർശനത്തിന്റെ പ്രസക്തി, ദൈവ ദശകത്തിന്റെ തത്വ ചിന്താപരമായ തലങ്ങൾ തുടങ്ങി നിരവധി വിഷയങ്ങളെ ആസ്പദമാക്കി ശ്രീമദ് സച്ചിദാനന്ദ സ്വാമികൾ, ശ്രീമദ് ബോധി തീർത്ഥ സ്വാമികൾ, ഡോ. ബി.അശോക് ഐ എ എസ് എന്നിവർ സംസാരിക്കുകയുണ്ടായി. ഭാരതീയ സമൂഹം ഗുരുവിന് മുൻപും ശേഷവും എന്ന വിഷയത്തെ കുറിച്ചു നടന്ന സെമിനാറിൽ ഉദയഭാനു പണിക്കർ, അനിയൻ തയ്യിൽ എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. പ്രതിനിധികളുടെ സംശയങ്ങൾക്ക് മോഡറേറ്റർ ഡോ. ബി.അശോക് മറുപടി നൽകി. സംഗമ രാവിനെ അതീവ ഹൃദ്യമായ ഒരനുഭവമാക്കിക്കൊണ്ട് പ്രശസ്ത പിന്നണി ഗായകൻ ബിജു നാരായണനും സംഘവും അവതരിപ്പിച്ച ഗാനമേള ഏവരുടെയും ഹൃദയം കവർന്നു.

കേരള കൗമുദി ചീഫ് സബ് എഡിറ്ററും എഴുത്തുകാരനും വാഗ്മിയുമായ സജീവ് കൃഷ്ണൻ രചിച്ച ഏറ്റവും പുതിയ പുസ്തകമായ 'ദൈവത്തിന്റെ പടത്തലവ'ന്റെ നാലാം പതിപ്പ് പ്രവാസി മലയാളികൾക്കായി കൺവൻഷൻ വേദിയിൽ പ്രകാശനം ചെയ്തു. ഡോ.എം .അനിരുദ്ധൻ, ഡോ ബി.അശോകിൽ നിന്നും ആദ്യ പ്രതി ഏറ്റുവാങ്ങി.

സംഘാടക സമിതിയുടെ ആഭിമുഖ്യത്തിൽ, ഭാരതീയ പ്രവാസി സമ്മാൻ ജേതാവായ ഡോ.എം.അനിരുദ്ധനെ ആദരിക്കുകയുണ്ടായി.

ഡോ.ആർ.സെൽവൻ നയിച്ച യോഗാ ധ്യാന പരിശീലന ക്ലാസ്സുകളിൽ പ്രതിനിധികൾ വളരെ ആവേശത്തോടെ പങ്കെടുത്തു. കൊച്ചു കുട്ടികൾക്കായി സംഘടിപ്പിച്ച മാജിക് ഷോ കുട്ടികളും അമ്മമാരും ഒരു പോലെ ആസ്വദിച്ചു.

യുവജനങ്ങൾക്കായി നടന്ന അതിവിപുലമായ പരിപാടികൾ ആസൂത്രണം ചെയ്തത് അനൂപ് രവീന്ദ്രനാഥ് ആയിരുന്നു. ഗുരുദേവന്റെ മഹിത ജീവിതവുമായി ബന്ധപ്പെട്ട വ്യക്തികളെയും മുഹൂർത്തങ്ങളെയും യുവ തലമുറയ്ക്ക് പരിചയപ്പെടുത്തിക്കൊണ്ട് നടന്ന ഫോട്ടോ പ്രദർശനം ഏവരുടെയും ശ്രദ്ധ നേടി. അക്കാദമിക് മികവ് പുലർത്തിയ കുട്ടികൾക്ക് മെറിറ്റ് അവാർഡുകൾ കൺവൻഷൻ വേദിയിൽ വിതരണം ചെയ്യുകയുണ്ടായി. ദീപക് കൈതക്കാപ്പുഴ നേതൃത്വം വഹിച്ച സമിതിയാണ് അവാർഡിന് അർഹരായ കുട്ടികളെ തെരഞ്ഞെടുത്തത്. സന്ദീപ് പണിക്കർ ആയിരുന്നു ദേശീയ ശ്രീനാരായണ കൺവൻഷനോടനുബന്ധിച്ചു പ്രസിദ്ധീകരിച്ച സ്മരണികയുടെ ചീഫ് എഡിറ്റർ. പരിപാടികളുടെ ചീഫ് കോർഡിനേറ്റർ ആയി പ്രവർത്തിച്ചത് മ്യൂണിക് ഭാസ്കർ ആണ്. ജയ്മോൾ ഗോവിന്ദ്, സിന്ധു മ്യൂണിക്ക് എന്നിവരായിരുന്നു അവതാരകർ.

ഓഗസ്റ്റ് പത്താം തീയതി 9 മണിക്ക് സമ്മേളന നഗരിയിൽ ചേർന്ന ജനറൽ ബോഡി യോഗത്തോടെ പരിപാടികൾ ഔപചാരികമായി അവസാനിച്ചപ്പോൾ ഹൂസ്റ്റണിൽ വീണ്ടും കാണാം എന്ന പ്രതീക്ഷ പങ്കുവച്ചു കൊണ്ട് നിറഞ്ഞ മനസ്സോടെയും നനഞ്ഞ മിഴികളോടെയും കുടുംബാംഗങ്ങൾ പരസ്പരം വിട ചൊല്ലി.

പബ്ലിക് റിലേഷൻസിനു വേണ്ടി രവികുമാർ അറിയിച്ചതാണിത്.



# നിര്യാതരായി

## മോനിച്ചൻ മഠത്തിൽ



*ഷിക്കാഗോ:* കൊച്ചി, തേവര, മഠത്തിൽ കുടുംബാഗംഗവും ഷിക്കാഗോയിലെ മോർട്ടൻഗ്രോവിൽ സ്ഥിര താമസക്കാരനുമായ മോനിച്ചൻ മഠത്തിൽ (61) നിര്യാതനായി. ഭാര്യ: മോളി. കാവാട്ട് കുടുംബാംഗം.

മകൻ: മനു (തോമസ്). മരുമകൾ: റ്റോണിയ.

ഓഗസ്റ്റ് 27-ന് (ബുധൻ) ഉച്ച കഴിഞ്ഞ് മൂന്നു മുതൽ രാത്രി ഒമ്പതു വരെ കൊളോണിയൽ ഫ്യൂണറൽ ഹോമിൽ പൊതുദർശനം നടന്നു. (Colonial Funeral Home, 8025 W. Golf Road, Niles, IL 60714).

സംസ്കാരം 28-ന് (വ്യാഴം) രാവിലെ 10 ന് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ചിൽ സംസ്കാര ശുശ്രൂഷകൾ ആരംഭിച്ച് മേരിഹിൽ കാത്തലിക് സെമിത്തേരിയിൽ നടന്നു. (8600 N. Milwaukee Ave, Niles, IL 60714). ചർച്ച് അഡ്രസ്: St. Gregorious Orthodox Church, 905 kent. St, Elmhurst, IL 60126).

## ഫിലിപ്പ് വർഗീസ്



*ഹൂസ്റ്റൺ :* തിരുവല്ല കാവുംഭാഗം കൊച്ചമ്പാട്ട് വീട്ടിൽ വർഗീസ് ഫിലിപ്പ് (ബാബു, 64 വയസ്) ഓഗസ്റ്റ് 24ന് ശനിയാഴ്ച പെയർലാന്റിലുള്ള ഭവനത്തിൽ നിര്യാതനായി.

ഭാര്യ: ഷൈല ഫിലിപ്പ് കാരയ്ക്കൽ പുത്തൻപുരയ്ക്കൽ കുടുംബാംഗമാണ്. മക്കൾ : ബെക്കി, ബേസിൽ, ബ്രന്റ് (എല്ലാവരും ഹൂസ്റ്റൺ). സഹോദരങ്ങൾ: വത്സമ്മ ചെറിയാൻ (ഹൂസ്റ്റൺ), കോശി ഫിലിപ്പ് (തമ്പി, ഹൂസ്റ്റൺ) നിർമ്മല ജേക്കബ് (തിരുവല്ല), ഉഷാ ഫിലിപ്പ് (ഡാളസ്), മാത്യൂ ഫിലിപ്പ് (ഷാജി, ഹൂസ്റ്റൺ), ബിജു ഫിലിപ്പ് (ഷിക്കാഗോ).

വേക്ക് സർവീസ് (വ്യൂവിംഗ്): ഓഗസ്റ്റ് 29 വെള്ളിയാഴ്ച വൈകിട്ട് ആറു മുതൽ 9വരെ നടന്നു. ലിവിംഗ് വാട്ടർ ക്രിസ്ത്യൻ ചർച്ച് (845, Staffordshire Road, Staffoard TX77477).

ഫ്യൂണറൽ സർവ്വീസ് ഓഗസ്റ്റ് 30 ശനിയാഴ്ച രാവിലെ ഒമ്പതു മുതൽ പതിനൊന്നു വരെ ലിവിംഗ് വാട്ടർ ക്രിസ്ത്യൻ ചർച്ചിൽ വച്ച് നടത്തപ്പെട്ടു. പെയർ ലാന്റിലുള്ള സൗത്ത് പാർക്ക് ഫ്യൂണറൽ ഹോം ആൻഡ് സെമിത്തേരിയിൽ (1310, North Main Street, Pearlaand, TX 77581) സംസ്കാരം നടന്നു. കൂടുതൽ വിവരങ്ങൾക്ക്: തമ്പി (713 384 4371), ഷാജി (832 816 5484), ബിജു (224 595 2458).- **ജീമോൻ റാന്നി**

## ടി.ജെ.ജോർജ്



*ഹൂസ്റ്റൺ:* പത്തനംതിട്ട മൈലപ്ര തടത്തിൽ കെവിൻ വില്ലയിൽ ടി.ജെ. ജോർജ് (96) നിര്യാതനായി. സംസ്കാരം മൈലപ്ര ശാലോം മാർത്തോമ ദേവാലയത്തിൽ പിന്നീട്.

ഭാര്യ: റാന്നി മണ്ണുങ്കൽ പരേതയായ മറിയാമ്മ ജോർജ്.

മക്കൾ: അമ്മുക്കുട്ടി, അമ്മാൾക്കുട്ടി, ജോയമ്മ, ജോസഫ് ജോർജ് (രാജു, ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമ ഇടവക ഓഡിറ്ററും ഇന്റർനാഷണൽ പ്രയർ ലൈനിന്റെ കോഓർഡിനേർ).

മരുമക്കൾ: കുഞ്ഞുമോൻ, തോമസ് മാത്യു, ജോസ് മാത്യു, ഡെയ്സി (ഹൂസ്റ്റൺ).

കൂടുതൽ വിവരങ്ങൾക്ക്: 281 507 5268 (ഹൂസ്റ്റൺ), 996 132 2096 (ഇന്ത്യ), 960 538 1677 (ഇന്ത്യ).

**ജീമോൻ റാന്നി**

## മേരിക്കുട്ടി



കോട്ടയം: മുടിയൂർക്കര തെങ്ങുംപ്ലാക്കൽ ജോസ് ജോണിന്റെ ഭാര്യ മേരിക്കുട്ടി ജോസ് (67) അമേരിക്കയിലെ ഹൂസ്റ്റണിൽ നിര്യാതയായി. സംസ്കാരം ഓഗസ്റ്റ് 30ന് ശനിയാഴ്ച ഹൂസ്റ്റൺ സെന്റ് ജോസഫ് സീറോ മലബാർ ചർച്ചിൽ നടന്നു.

പരേത വെട്ടിമുകൾ മാലിയിൽ (കരിക്കയ്ക്കണാംതൊട്ടിയിൽ) കുടുംബാംഗമാണ്. മക്കൾ: ജോളി, ജിൽസൺ (ഇരുവരം യുഎസ്എ).

കൂടുതൽ വിവരങ്ങൾക്ക്: 001 713 995 6811 (യുഎസ്എ), 094477 37899 (കേരളം).

# പ്രഫ. ജോസഫ് ചെറുവേലിയുടെ "A Passage to America' പ്രകാശനം മന്ത്രി കെ.സി.ജോസഫ് നിർവ്വഹിച്ചു




*തിരുവനന്തപുരം:* അമേരിക്കയിലെ ന്യൂയോർക്ക് നിവാസിയും, അമേരിക്കൻ മലയാളി സമൂഹത്തിലെ കലാ-സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞ് നിൽക്കുന്ന പ്രമുഖ വ്യക്തിയും, എഴുത്തുകാരനും, പ്രാസംഗികനുമായി എല്ലാവർക്കും സുപരിചിതനും, സുസമ്മതനുമായ പ്രഫ. ജോസഫ് ചെറുവേലിയുടെ "A Passage to America' എന്ന പുസ്തകം തിരുവനന്തപുരത്തെ പത്മനാഭ സ്വാമിക്ഷേത്രത്തോടനുബന്ധിച്ചുള്ള തീർത്ഥപാദ മണ്ഡപത്തിലെ നിറഞ്ഞസദസ്സിൽവച്ച് മന്ത്രി കെ.സി. ജോസഫ് പ്രകാശനം ചെയ്തു.

കേരളസർവ്വകലാശാലയുടെ ഇംഗ്ലീഷ് വിഭാഗം മേധാവി ഡോ. മായദത്ത് പുസ്തകം സ്വീകരിച്ചു. ഗ്രന്ഥകർത്താവിന്റെ സഹോദരപുത്രൻ പബ്ലിക്ക് വർക്സ് ഡിപ്പാർട്മെന്റിൽ നിന്നും ചീഫ് എൻജിനീയറായി വിരമിച്ച ജെയ്ക് ജോസഫ് സദസിനു സ്വാഗതം പറഞ്ഞു. സി എം ഐ സഭയുടെ തിരുവനന്തപുരം പ്രോവിൻസിന്റെ സുപ്പീരിയർ ഫാദർ സാജൻ മഠത്തിൽ ആശംസ പ്രസംഗം ചെയ്ത് പരിപാടിയെ അനുഗ്രഹിച്ചു.

യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചത് പ്രഫ. ചെറുവേലിയുടെ സഹപാഠിയും, കേരള സർക്കാരിൽനിന്നും ചീഫ് സെക്രട്ടറിയായി വിരമിച്ചയാളും, കാലടി ശ്രീശങ്കര സംസ്കൃത കോളേജിലെ വൈസ് ചാൻസലറുമായ ശ്രീ ആർ. രാമചന്ദ്രൻ നായരാണ്.

ആൾ സെയിന്റ്സ് കോളജ് പ്രൊഫസ്സർ ഖൈറുണീസ പുസ്തകം പരിചയപ്പെടുത്തി.

പുസ്തകത്തിന്റെ കോപ്പികൾ ആവശ്യമുള്ളവർ പ്രൊഫ ജോസഫ് ചെറുവേലിയുമായി ബന്ധപ്പെടുക. ഫോൺ നമ്പർ 718 487 3761.

# സായന്തനം' ഡാളസിൽ ഒക്ടോബർ 11ന്

**ജോസഫ് മാർട്ടിൻ വിലങ്ങോലിൽ**



*ഡാളസ്:* ഡിഎഫ്ഡബ്ല്യു മലയാളി കൗൺസിൽ, 3 ഡി പ്രൊഡക്ഷൻസിന്റെ ബാനറിൽ അണിയിച്ചൊരുക്കി രംഗത്തെത്തിക്കുന്ന നാടകം 'സായന്തനം' ഡാളസിൽ ഒക്ടോബർ 11ന് അരങ്ങേറും. ഗാർലൻഡ് സെന്റ് തോമസ് ഫൊറോന ദേവാലയ ഓഡിറ്റോറിയമാണ് നാടകത്തിനു വേദിയാകുന്നത്. വൈകുന്നേരം 6.30 നാണ് ഷോ.

സെപ്റ്റംബർ 27ന് നടത്താനിരുന്ന അരങ്ങേറ്റം കലാപ്രേമികളുടെ സൗകര്യാർഥമാണ് ഒക്ടോബർ പതിനൊന്നിലേക്ക് മാറ്റിയതെന്ന് അണിയറ പ്രവർത്തകർ പറഞ്ഞു. പ്രവേശനം പാസ് മൂലം നിയന്ത്രിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക്: ചാർളി അങ്ങാടിച്ചേരിൽ: 817 296 8255, സെബാസ്റ്റ്യൻ മാണി: 817 800 1682, ഷാജി വേണാട്ട്: 972 697 1715, ലിസമ്മ സേവ്യർ : 817 657 4427, ബെനഡിക്ട് ജോർജ്: 817 938 3608, ജെയിംസ് മാത്യു: 214 564 6544, മീനാ നിബു: 214 499 8984, ബെന്നി ജോൺ: 214 499 8984, ജിജി ജിജോ :972 804 7446, ജോസി ആഞ്ഞിലിവേലിൽ: 469 682 4452.

# ഡാളസ് സൗഹൃദ വേദിയുടെ ഓണാഘോഷം 20ന്

*ഡാളസ്:* മറുനാടൻ മലയാളികളുടെ പ്രിയപ്പെട്ട സാഹിത്യകാരി കൊല്ലം തെൽമ സെപ്റ്റംബർ 20ന് (ശനി) നടക്കുന്ന ഡാളസ് സൗഹൃദ വേദിയുടെ ഈവർഷത്തെ ഓണാഘോഷ പാരിപാടികൾ ഉദ്ഘാടനം ചെയ്യും.

പ്രസിഡന്റ് എബി തോമസിന്റെ ആധ്യക്ഷതയിൽ കൂടുന്ന സമ്മേളനത്തിൽ സെക്രട്ടറി അജയകുമാർ സ്വാഗതം നേരും. പ്രസ്തുത സമ്മേളനത്തിൽ ഡാളസിലെ കലാ,സാംസ്കാരിക മേഖലകളിൽ തിളങ്ങി ശോഭിക്കുന്ന ഏബ്രഹാം തെക്കേമുറി, പ്രവസി മലയാളി സ്നേഹികളായ ഹരിപിള്ള സിപിഎ, ഫിലിപ്പ് തോമസ് സിപിഎ, ജോൺസൺ (ഏയ്ഞ്ചൽ ട്രാവൽസ്) എന്നിവർ ഓണാശംസകൾ നേരും.

ഡാളസ് മലയാളികളുടെ ആവേശമായി മാറിക്കൊണ്ടിരിക്കുന്ന ഡാളസ് സൗഹൃദ വേദി വളരെ പുതുമ നിറഞ്ഞ കലാപരിപാടികളുമായിട്ടാണ് ഈ വർഷം ഓണം ആഘോഷിക്കുക. വൈവിധ്യവും ഹാസ്യാസ്പദവുമായ കലാപരിപാടികളുടെ ശൃംഖല തന്നെ ഒരുക്കിയിട്ടുള്ളതായി സെക്രട്ടറി അജയകുമാർ, വനിതാ സമന്വയാധികാരി സുനിത ജോർജ് എന്നിവർ അറിയിച്ചു. റിഥം സ്കൂൾ ഓഫ് ഡാളസിലെ വിദ്യാർഥികളുടെ ഏറ്റവും പുതുമയേറിയ നൃത്ത പ്രകടനങ്ങൾ സ്റ്റേജിൽ അരങ്ങേറുമെന്ന് സ്കൂൾ മാനേജിംഗ് ഡയറക്ടർ ഷൈനി ഫിലിപ്പ് അറിയിച്ചു.

മലയാളികളുടെ ദേശീയ ഉത്സവമായ ഓണം ജാതി മത ഭേദമെന്യേ ഡാളസിലുള്ള പ്രവാസി മലയാളികൾക്കുവേണ്ടി കാരോൾട്ടണിലുള്ള സെന്റ് ഇഗ്നേഷ്യസ് പള്ളിയുടെ ഓഡിറ്റോറിയത്തിലാണ് നടക്കുക.

രാവിലെ 9.30ന് ആരംഭിക്കുന്ന ആഘോഷ പരിപാടികൾ 2.30ന് സമാപിക്കും. ആഘോഷ പരിപാടികൾക്കുശേഷം വിഭവ സമൃദ്ധമായ ഓണസദ്യയും ഒരുക്കിയിട്ടുണ്ടെന്ന് സുകു വർഗീസ് അറിയിച്ചു.

എബി മക്കപ്പുഴ

# ഡാളസ് സൗഹൃദ വേദിയുടെ ഓണാഘോഷം 20ന്

*ഫീനിക്സ്:* ഫീനിക്സ് ഹോളിഫാമിലി സീറോ മലബാർ ദേവാലയത്തിലെ 2014- 15 അദ്ധ്യയനവർഷത്തിലെ മതബോധന ക്ലാസുകളുടെ ആരംഭം ഇടവക വികാരി ഫാ. മാത്യു മുഞ്ഞനാട്ട്, മുഖ്യകാർമികൻ റവ.ഡോ. അഗസ്റ്റിൻ പാംപ്ലാനി, സിസ്റ്റർ ബെർണാഡെറ്റ്, സിസ്റ്റർ ജെമ്മ എന്നിവർ ഭദ്രദീപം തെളിയിച്ച് നിർവഹിച്ചു.

കുട്ടികളുടെ മതബോധന പഠനത്തിലും വിശ്വാസ പരിശീലനത്തിലും മാതാപിതാക്കൾക്കുള്ള പങ്കിന് കൂടുതൽ ഊന്നൽ കൊടുക്കുന്നതായിരുന്നു റവ.ഡോ. അഗസ്റ്റിൻ പാംപ്ലാനി അച്ചന്റെ മുഖ്യ പ്രഭാഷണം.

വിശുദ്ധ കുർബാനയ്ക്കുശേഷം 'മതവും ശാസ്ത്രവും വിഷയത്തിൽ ഡോ. അഗസ്റ്റിൻ പാംപ്ലാനി ക്ലാസ് നയിച്ചു. ഡി.ആർ.ഇ സാജൻ മാത്യു ഇയർപ്ലാനും, വിശദമായ റിപ്പോർട്ടും അവതരിപ്പിച്ചു.

പ്രഭാഷണം

# മലിനമാകുന്ന മനസ്സും ആർഭാടഭരിതമായ സമൂഹവും



സുഗതകുമാരി

## 2

**രണ്ടു വർഷം മുമ്പ്** ഞങ്ങൾ ഒരു കണക്കെടുക്കുകയുണ്ടായി. പതിമൂന്നുലക്ഷം കെട്ടിടങ്ങൾ കേരളത്തിൽ ആൾപ്പാർപ്പില്ലാതെ പൂട്ടികിടക്കുകയാണ്. പിന്നീട് ഒരമ്പതിനായിരം കൂടി ഉണ്ടാക്കിക്കാണും. പാറകൾ മുഴുവൻ ഇടിച്ചു തകർക്കുന്നു. മണൽ വാരി പുഴകളെ നശിപ്പിക്കുന്നു. കുന്നുകൾ ഇടിച്ചു തകർക്കുന്നു. ഇതൊന്നും പാർപ്പിടമില്ലാത്ത പാവങ്ങൾക്കുവേണ്ടിയല്ലല്ലോ. റിസോർട്ടുകൾക്കുവേണ്ടിയാണ്, ഷോപ്പിംഗ് മാളുകൾക്കുവേണ്ടി, മണിമാളികകൾക്കുവേണ്ടി. ഇങ്ങനെ കേരളം മുഴുവൻ ഒരു കമ്പോളമായാൽ മതിയോ.

കണ്ടാൽ അമ്പരന്നുപോകുന്ന വ്യാപാരസ്ഥാപനം പണിതുയർത്തുകയാണ്. അത്തരത്തിലൊന്ന് അടുത്ത കാലത്തുണ്ടായി. വലിയ വ്യാപാരസമുച്ചയം. 3000 എയർ കണ്ടീഷനറുകളാണ് ഒരുമിച്ചു അവിടെ പ്രവർത്തിക്കുന്നത്. അതിൽനിന്നും വമിക്കുന്ന ചൂട് ആ പ്രദേശത്തെ ചൂടിനെ നാലിരട്ടിയാക്കിയിരിക്കുകയാണ്. അവിടെയുള്ള പാവപ്പെട്ട കച്ചവടക്കാരെല്ലാം പൂട്ടിക്കെട്ടിപ്പോയിരിക്കുന്നു.

ഗാന്ധിജിയുടെ ചോദ്യം നിങ്ങളുടെ മുന്നിൽ വയ്ക്കുകയാണ്. നിങ്ങൾ ഏതു പദ്ധതി ആവിഷ്കരിക്കുമ്പോഴും ഈ ചോദ്യം നിങ്ങളുടെ മനസ്സിലുണ്ടായിരിക്കട്ടെ എന്നു ഗാന്ധിജി പറഞ്ഞു. ആരാണ് ഇതിന്റെ ഗുണഭോക്താവ്. ഇന്ത്യയിലെ ദരിദ്രനായ ഗ്രാമീണന്റെ മുഖം ഹൃദയത്തിലേക്ക് ആവാഹിച്ചുവരുത്തുക. ആ മനുഷ്യനുവേണ്ടിയാണോ ഈ പദ്ധതിയെന്ന് ആലോചിക്കുക. വൻകിട ബാർ ഹോട്ടലുകളാണെങ്കിലും, വൻകിട വിമാനത്താവളങ്ങളാണെങ്കിലും– ഇതൊക്കെ ആർക്കുവേണ്ടിയാണെന്ന് ആലോചിക്കുക. ദരിദ്രനുവേണ്ടിയല്ലായെങ്കിൽ അതെടുത്ത് എറിയൂ എന്നാണ് ഗാന്ധിജി പറഞ്ഞത്.

ആർക്കുവേണ്ടി എന്നുള്ള ചോദ്യം ഉയരണം.

ഭൂമിക്ക് ചൂട് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ മുറ്റങ്ങളും കോൺക്രീറ്റിട്ടു മിനുക്കിയിരിക്കുന്നു. ഭൂഗർഭജലത്തിന്റെ നിലവാരം താണുകൊണ്ടേയിരിക്കുന്നു. ജലസുലഭതനിമിത്തം ഏറ്റവും അനുഗൃഹീതമാണ് ഈ കൊച്ചുനാട്. അതു കുറഞ്ഞുകുറഞ്ഞു വരുന്നു. ഇരുപതു രൂപ കൊടുത്ത് കുടിവെള്ളം വാങ്ങുന്ന അവസ്ഥയിലേക്ക് മലയാളി മാറി.

ഇതിനൊക്കെ ഒരു മാറ്റം വേണ്ടേ? ഒരുപിടി നെല്ല് കേരളത്തിന് കേരളത്തിന്റേതായിട്ടുവേണ്ടേ. കുറച്ചു ശുദ്ധജലം നമ്മുടേതായിട്ടുവേണ്ടേ. നമ്മുടെ കിണറുകളിൽ വെള്ളംവേണ്ടേ. നമ്മുടെ നദികൾ തെളിഞ്ഞ് ഒഴുകണ്ടേ. ഇതൊക്കെയാണ് ഞങ്ങളെപ്പോലെയുള്ളവർ ചോദിക്കുന്നത്.

സ്മാർട്ട് സിറ്റികളെപ്പറ്റിയും ഐടിയെപ്പറ്റിയും വിമാനത്താവളത്തെപ്പറ്റിയും ഷോപ്പിംഗ് മാളുകളെപ്പറ്റിയും വർത്തമാനം പറയേണ്ട ആവശ്യമില്ല ഞങ്ങൾക്ക്. ഞങ്ങൾ വയലുകളെപ്പറ്റി സംസാരിക്കുന്നു. മനുഷ്യരെപ്പറ്റി മാത്രമല്ല, കിളികളെപ്പറ്റിയും, പാവപ്പെട്ട മൃഗങ്ങളെപ്പറ്റിയും ഒരുലക്ഷം തേനീച്ചകളെപ്പറ്റിയും തുമ്പികളെപ്പറ്റിയും ശലഭങ്ങളെപ്പറ്റിയും ഒക്കെ ദുഃഖിക്കുന്നു. കാരണം, അവരെല്ലാം ഭൂമിയുടെ അവകാശികളാണ്. അവരെല്ലാം ഈശ്വരന്റെ സൃഷ്ടികളാണ്. അവർക്ക് ഒരിത്തിരി ഇടംവേണം. മനുഷ്യനു മാത്രം പോരാ. എത്ര തിന്നാലും ദുര തീരാത്ത ഈ മനുഷ്യൻ എന്ന ഒറ്റമൃഗം മാത്രം പെരുകിക്കൊണ്ടിരുന്നാൽപോരാ. അവർക്കും ഇത്തിരി ഇടം നൽകണം.

വനം കൈയ്യേറരുതെന്നു പറയുമ്പോൾ ഞങ്ങളോടു ദേഷ്യപ്പെടുന്നു. ഇത്തിരിയെ ബാക്കിയുള്ളു. അതെങ്കിലും വിട്ടുകൊടുക്കുക. ആനകൾക്കും കടുവകൾക്കും മാനുകൾക്കും ജീവിക്കേണ്ടേ. എല്ലാറ്റിനും ജീവിക്കണ്ടേ. കെട്ടിടം വച്ചു നിറച്ചാൽ പോരാ. അവർക്കും ഇത്തിരി ഇടം കൊടുക്കണം. അവരെയും സഹോദരങ്ങളാണെന്നു കാണാനുള്ള ഒരു മനസ്സ് ഉണ്ടാവണം. വിടർന്ന കണ്ണുകൾ, അലിവുള്ള മനസ്സുകൾ അത് നമ്മുടെ കുഞ്ഞുങ്ങൾക്ക് ഉണ്ടാക്കികൊടുക്കേണ്ടത് ആവശ്യമാണ്. ഈ പാഠമാണ് നമ്മൾ കുഞ്ഞുങ്ങൾക്ക് പറഞ്ഞുകൊടുക്കേണ്ടത്.

ദുഃഖമയമായ, ദയനീയമായ അവസ്ഥയിലാണ് ഭൂമി. വൈകിപ്പോയി എന്നാണ് ശാസ്ത്രം പറയുന്നത്. തിരുത്തലിനു ഇടം കിട്ടാത്തവിധം മോശമായിപ്പോയി എന്നു പറയുന്നു. ഈശ്വരന്റെ കല്പനപോലെ, വിധിപോലെ വരും. ഭൂമി എത്രകാലം നിലനിൽക്കണമെന്നൊക്കെ കല്പിക്കുന്നത് ഈശ്വരനാണ്. 'സമുദ്രത്തിന്റെ നിരപ്പ് ഉയർന്നുകൊണ്ടിരിക്കുന്നു; നിങ്ങളുടെ ശബ്ദം ഉയർത്തുക' എന്നതാണ് ഈ വർഷം ഐക്യരാഷ്ട്രസഭ ഉയർത്തിപ്പിടിക്കുന്ന മുദ്രാവാക്യം. ധ്രുവപ്രദേശത്തിലെ മഹാഹിമാനികൾ ഉരുകിമാറിക്കൊണ്ടിരിക്കുന്നു. വൻമഞ്ഞുമലകൾ ഇടിഞ്ഞു കടലിലേക്ക് വീണുകൊണ്ടിരിക്കുന്നു. ചൂടു വർദ്ധിക്കുകയാണ്. ഹിമാലയത്തിലെ ഗംഗോത്രി എന്ന സ്ഥലം കണ്ണുകൾ എത്താത്തവിധത്തിൽ വിശാലമായി വെളുത്ത കടലുപോലെ കിടന്ന പ്രദേശങ്ങളിൽ ഇപ്പോൾ മഞ്ഞുപാളികളില്ല. മഞ്ഞുരുകിയുരുകി പാറക്കൂട്ടങ്ങൾ തെളിഞ്ഞുകഴിഞ്ഞു. ഇന്ത്യക്ക് എന്തുസംഭവിക്കുന്നുവെന്ന് പരിസ്ഥിതിപുസ്തകങ്ങൾ വായിച്ച് മനസ്സിലാക്കുക. ഭൂമിക്ക് എന്തു സംഭവിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങൾക്ക് ബാക്കിവച്ചിട്ട് പോകുന്നത് എന്താണ്.

ഒരപേക്ഷകൂടി നിങ്ങളുടെ മുന്നിൽ വയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പത്തുനാന്നൂറ് അനാഥരെ പാർപ്പിക്കുന്ന ഒരു സ്ഥാപനം ഞങ്ങൾക്കുണ്ട്. അഭയ എന്നാണ് അതിന്റെ പേര്. ആ ചെറു സംഘടയിലെ ഒരംഗമാണ് ഞാൻ. പീഡിപ്പിക്കപ്പെട്ടവരുണ്ട്, അവശരുണ്ട്, ഭ്രാന്തുപിടിച്ച സ്ത്രീകളുണ്ട്. ഇവിടെ എന്നോടൊപ്പമുള്ള സഖറിയാസ് മാർ തെയോഫിലോസ് തിരുമേനിയുമായി ബന്ധപ്പെട്ട ഒരു വിഷയം കൂടി നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുകയാണ്. ഇത്തരത്തിലുള്ള നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും എന്റെ മനസ്സു കുളിർപ്പിച്ച, വേദനിപ്പിച്ച ഒരു സംഭവമാണ്. ആ സംഭവം പരുമല ദേവാലയത്തിൽവന്നുതന്നെ പറയണമെന്ന് ഞാൻ ആഗ്രഹിച്ചു.

ഇരുപതുവർഷങ്ങൾക്കുമുമ്പാണ്. തെയോഫിലോസ് തിരുമേനി അന്ന് ചെറിയാൻ ശെമ്മാശനാണ്.

അഭയയുടെ മുറ്റത്ത് ഒരു ഓട്ടോറിക്ഷയിൽ ഒരു ചെറുപ്പക്കാരി വന്നിറങ്ങി. അജ്ഞാതയായ ഒരു മുസ്ലിം യുവതി. ഗർഭിണിയാണ്. ഓട്ടോറിക്ഷക്കാരൻ അവളെ പിടിച്ചാണ് ഇറക്കിയത്. അത്രയ്ക്ക് അവശയാണവൾ. കഞ്ഞികുടിക്കാനായി കൊണ്ടിരുത്തി. അവൾ തളർന്നുവീണു. എന്തുപറ്റിയെന്നുള്ള ചോദ്യത്തിന് അവൾ ഉത്തരം പറഞ്ഞില്ല. കാര്യങ്ങളൊക്കെ പിന്നീടാണ് അറിഞ്ഞത്. റബ്ബർ വെട്ടി ജീവിക്കുന്ന ഒരു പാവപ്പെട്ട കുടുംബത്തിലെ പെണ്ണ്. അവൾ ഒരാളുമായി സ്നേഹത്തിലായി. അയാളുടെ വാക്കു വിശ്വസിച്ചു. കൂടെപ്പോയി. അവൾ ഗർഭിണിയായി. അവളുടെ ബാപ്പയും ഇക്കാമാരുംകൂടി അയാളെ അടിച്ചു ചതച്ച് മൃതപ്രായനാക്കി എവിടെയോ കൊണ്ടിട്ടു. മറ്റൊരു മതക്കാരനായിരുന്നുവെന്നു തോന്നുന്നു. അവളെ കൊല്ലും എന്നുറപ്പായപ്പോൾ അവളുടെ ഉമ്മ അവരുടെ കാതിൽ കിടന്ന കൊച്ചു കാതിൽപൂ വിറ്റ് കിട്ടിയ പത്തോ എഴുപതോ രൂപ അവളുടെ കൈയിൽ കൊടുത്തിട്ട് എവിടെയെങ്കിലും പോയി രക്ഷപ്പെടുവാൻ പറഞ്ഞു. അടുത്ത വീട്ടിലെ ഒരു കൊച്ചുപെണ്ണു പറഞ്ഞു. തിരുവനന്തപുരത്ത് ഒരാളുണ്ട്. അവൾ ഒരു കടലാസിൽ എഴുതികൊടുത്തു. സുഗതകുമാരി, തിരുവനന്തപുരം എന്നാണ് എഴുതാൻ ശ്രമിച്ചത്. സകതകമരി തിരന്തരം എന്നാണ് കടലാസിൽ എഴുതിയത്. ആ കടലാസും കൊണ്ട് നിരക്ഷരയായ, റബ്ബർതോട്ടത്തിനും വീടിനും അപ്പുറം കണ്ടിട്ടില്ലാത്ത ആ പെണ്ണ് എങ്ങനെയൊക്കെയോ തിരുവനന്തപുരത്തെത്തി. ഓട്ടോറിക്ഷാക്കാരെ കടലാസു കാണിച്ചു. അവർ വായിച്ചു ചിരിച്ചു. അവർക്കു മനസ്സിലാകുന്നില്ല. മൂന്നാം ദിവസം ആരോ അവളോടു പറഞ്ഞു, ഇന്നയാൾ ആയിരിക്കുമെന്ന്. അങ്ങനെ അവൾ ഞങ്ങളുടെ സ്ഥാപനത്തിലെത്തി.

കഞ്ഞികുടിച്ചുകൊണ്ടിരുന്നപ്പോൾ അവൾ വീണുപോയി. എല്ലാവരും കൂടി പിടിച്ചെഴുന്നേല്പിച്ചപ്പോൾ രക്തത്തിൽ മുങ്ങിയാണ് കിടക്കുന്നത്. ശാസ്തമംഗലം ആശുപത്രിയിലേക്ക് കൊണ്ടുപോയി. സ്ഥിതി മോശമാണ്. പെട്ടെന്ന് മെഡിക്കൽ കോളജിൽ അഡ്മിറ്റ് ചെയ്തു. ബ്ലഡ്ഡു വേണം. മരണത്തിലേക്ക് മുങ്ങിക്കൊണ്ടിരിക്കുന്നു എന്നാണ് ഫോണിലൂടെ കേൾക്കുന്നത്. എ നെഗറ്റീവ് ബ്ലഡ്ഡ് വേണം.

ഒരു ഞായറാഴ്ച രാത്രി എ ഗ്രൂപ്പിനുവേണ്ടി ലോകം മുഴുവൻ തിരഞ്ഞു. ഇന്നത്തെപ്പോലെ ബ്ലഡ് ഡോനേഷൻ ഗ്രൂപ്പുകളൊന്നുമില്ലാത്ത കാലമാണ്. എങ്ങുമില്ല. നാലുപാട് ആളുകളെ അയച്ചിട്ടും കിട്ടാതെ ഞാൻ ഉഴലുകയാണ്.

ഞാൻ പരിഭ്രമിച്ച് മുറ്റത്തിറങ്ങി. ആകാശം നിറയെ നക്ഷത്രങ്ങളുണ്ട്. ഞാൻ ദൈവമേ, ദൈവമേ എന്നു വിളിക്കുകയാണ്. വീടും ഊരും അറിയാത്ത ഒരു മുസ്ലിം പെണ്ണ്. ഗർഭിണി, അനാഥ, പരിത്യജിക്കപ്പെട്ടവൾ– അവളുടെ ജീവൻ നിലനിർത്താൻ ഒരു കുപ്പി രക്തം കൊടുക്കുവാൻ കഴിയുന്നില്ലല്ലോ എന്നു കരഞ്ഞപേക്ഷിച്ചുകൊണ്ടുനിന്നപ്പോൾ ഞങ്ങളുടെ കൂട്ടത്തിലുള്ള ഒരു ചെറുപ്പക്കാരൻ ഓടിവന്നു. ഓർത്തഡോക്സ് സ്റ്റുഡൻസ് സെന്ററിൽ ഒരു ശെമ്മാശനുണ്ട്. അദ്ദേഹത്തിന്റേത് എ നെഗറ്റീവ് ബ്ലഡ്ഡാണ്. സമയം പതിനൊന്നായി. ആ ചെറുപ്പക്കാരന്റെ ബൈക്കിന്റെ പിറകിലിരുന്ന് അവിടെയെത്തി. വാതിലിൽ മുട്ടി. ദീർഘകായനായ ഒരു ചെറുപ്പക്കാരൻ ഇറങ്ങിവന്നു.

ചെറിയാൻ ശെമ്മാശനാണോ.

അതേ.

ശെമ്മാശൻ എ നെഗറ്റീവാണോ. ഒരു കുപ്പി തരാമോ? ഗതിയില്ലാത്ത ഒരു മുസ്ലിം പെണ്ണ് ചാകാൻ കിടക്കുന്നു.

ഒരുനിമിഷം ശെമ്മാശ്ശൻ ഒന്നും മിണ്ടിയില്ല.

അദ്ദേഹം പറഞ്ഞു. ഞാൻ രക്തം കൊടുത്തിട്ട് കുറച്ചുദിവസങ്ങളേ ആയിട്ടുള്ളു. അവർ എടുക്കുമെങ്കിൽ ഞാനിപ്പോൾ വരാം.

ഉടനെ ആശുപത്രിയിലേക്ക് ഫോൺ ചെയ്തു.

ആ മനുഷ്യനു കൂടുതൽ ക്ഷീണം വരും. അല്ലാതെ അപകടമൊന്നുമില്ല എന്ന് മറുപടി കേട്ടു.

ശെമ്മാശൻ രക്തം കൊടുക്കാമെന്നു സമ്മതിച്ചു. ഏതാണ്ട് ഒരുമണിയായിക്കാണും. എന്നെ കൊണ്ടുവന്ന ചെറുപ്പക്കാരന്റെ ബൈക്കിന്റെ പുറകിൽ കയറി മെഡിക്കൽ കോളജിലേക്കു ശെമ്മാശൻ പോയി. ശെമ്മാശൻ രക്തം കൊടുത്തു. ആ പെൺകുട്ടിയുടെ ഓപ്പറേഷൻ നടന്നു. ചത്തുകിടക്കുന്ന ഇരട്ട പെൺകുട്ടികൾ. ആ മുസ്ലിം പെൺകുട്ടി ജീവിതത്തിലേക്ക് തിരിച്ചുവന്നു.

അന്നുതുടങ്ങിയതാണ് ചെറിയാൻ ശെമ്മാനുമായിട്ടുള്ള രക്തബന്ധം. അദ്ദേഹം എനിക്ക് സഹോദരനാണ്. അദ്ദേഹം ഇപ്പോൾ ബിഷപ്പുതിരുമേനിയാണ്.

ഗതിയില്ലാത്ത പെൺകുട്ടികളുടെ എണ്ണം പെരുകിവരുന്നു. പീഡിതരായ പെൺകുട്ടികൾ ഞങ്ങളുടെ മുന്നിൽ വന്നുകൊണ്ടേയിരിക്കുന്നു. മനഃപൂർവ്വം പീഡിപ്പിക്കപ്പെട്ടവരും, വഴിതെറ്റിപ്പോകുന്നവരുമായ പെൺകുട്ടികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഇവിടെ മതവ്യത്യാസമൊന്നുമില്ല. മൂന്നുമതങ്ങളിൽപ്പെട്ട പെൺകുട്ടികൾ, പതിനാലു പതിനഞ്ചു വയസ്സുകാർ. സിനിമയും ടെലിവിഷനും അതിലുള്ള പരസ്യങ്ങളുമൊക്കെ കണ്ട് ഭ്രമിച്ച് മിസ്ഡ് കോൾ ബന്ധങ്ങളുണ്ടാക്കി, ഇന്റർനെറ്റ് ബന്ധങ്ങളുണ്ടാക്കി വിളിക്കുന്നിടത്ത് പൊയ്ക്കൊണ്ടിരിക്കുന്നു. ഏഴും എട്ടും ദിവസങ്ങൾ കഴിയുമ്പോൾ പോലീസുകാർ പിടിച്ച് ഞങ്ങളുടെ മുന്നിൽ കൊണ്ടുവരും. അഭയ ഒരു കൊച്ചുസ്ഥാപനമാണ്. അവിടെപ്പോലും ഇത്രയധികം കേസുകൾ വന്നുകൊണ്ടിരിക്കുന്നുവെങ്കിൽ ഇത്തരത്തിലുള്ള സ്ഥാപനങ്ങളിൽ വരുന്നവരുടെ കണക്കുകൾ എത്ര ഭയപ്പെടുത്തുന്നതായിരിക്കും.

## ഗ്രാമവൃക്ഷത്തിലെ പൂങ്കുയിൽ

കിടങ്ങറ ശ്രീവത്സൻ



ഗ്രാമവൃക്ഷത്തിലെ പൂങ്കുയിൽ പിന്നെയും
ശ്രാവണഗീതങ്ങൾ പാടി.
മണ്ണിലുറങ്ങിയോരിത്തിരിപ്പൂവുകൾ
മന്ദമായ് കൺ തുറക്കുന്നു.

ഓണനിലാവിലൊഴുകുന്ന പാട്ടിന്റെ
ഈണങ്ങളെന്തിനോ തേങ്ങി
പൂവിളി കേൾക്കാഞ്ഞോ
പൂമരമില്ലാഞ്ഞോ
പൂവള്ളിയൂഞ്ഞാലില്ലാഞ്ഞോ
ഈണങ്ങളെന്തിനോ തേങ്ങി.

പൂക്കാലമില്ലാതെ പൂക്കളമില്ലാതെ
പൂത്തുമ്പിതുള്ളാതെയായി
പുണ്യം ക്ഷയിച്ചുവോ
പൊന്നോണനാളിന്റെ
പുണ്യോദയമോർമ്മയായോ.

പൊന്നാര്യനെന്നോമറഞ്ഞു വയലുകൾ
കണ്ണുനീർപ്പാടങ്ങളായി
ആർപ്പും കുരവയുമസ്തമിച്ചു, ചുറ്റും
ആർത്തനാദം മാത്രമായി.

പിന്നെയുമിത്തിരിപ്പൂവിലൂടോണവും
ഖിന്നയായ് കൺതുറക്കുന്നു
ഗ്രാമവൃക്ഷത്തിലെ പൂങ്കുയിൽ പക്ഷിക്കു
പാടാതെ പാടാതെ വയ്യ.

## മനുഷ്യനും മൃഗവും

**മുതുകുളം ഗംഗാധരൻപിള്ള**



ഒന്നിച്ചിരുന്നു ഭക്ഷിക്കുവാൻ കൂട്ടരെ
എന്നും വിളിച്ചുവരുത്തുന്നു കാക്കകൾ!
കൊന്നുതിന്നാൻ കൊതിച്ചീടുന്നതില്ലൊരു
ചെന്നായയേയുമാക്കാട്ടു ചെന്നായകൾ!
ചത്തതിനെതോളിലേറ്റി നടന്നിടും
ഒത്തൊരുമയ്ക്കുവിരുതരുറുമ്പുകൾ!
കാലിലെ മുള്ളെടുത്തൊന്നെടുക്കയാൽ കേസരി
കാണിച്ച നന്ദിമറക്കുവാനാവുമോ?
ഓരോ വഴികളിലൂടെ വന്നീടിലും
വാരിധി തന്നിൽ മേളിപ്പൂ തടിനികൾ!
നാനാനിറങ്ങളെഴുന്നവയെങ്കിലും
നാലുചുറ്റും ചിരിച്ചീടുന്നു പൂവുകൾ!
വാരിക്കുഴികളിൽ നീട്ടിക്കൊടുക്കുന്നു



വാരണം, വാരണത്തിന്നു തുമ്പിക്കരം!
കാൺമതു മർത്യനിൽ മാത്രമല്ലല്ലിഹാ!
കാണാതെ വന്നു കഴുത്തറക്കുന്നവർ!
ഇല്ല, കടുവകൾക്കും, കാട്ടുപോത്തിനും
ഇല്ലാ, സിംഹത്തിനും, കാണ്ടാമൃഗത്തിനും
മർത്യനെപ്പോൽകൊടുംവൈര,മിതെത്രയോ
സത്യമെന്നിന്ത്യേ! വിളംബരം ചെയ്‌വു നീ!
ഇല്ലാത്തതെന്തുണ്ടു മർത്യനിൽ? ആ മർത്യ
നെല്ലാത്തിനേക്കാളധപ്പതിക്കുന്നുവോ?
താൻ തന്നെയാണു ബൃഹസ്പതിയെന്നവൻ
താനേമറന്നല്പബുദ്ധിയാകുന്നുവോ?
വംശനാശത്തിന്റെ വക്കത്തുമാനവ
വംശമെത്താനവൻതന്നെ യത്നിക്കയോ?
മർത്യതയെന്നും ജയിക്കട്ടെ ഭൂമിയിൽ!
ഐക്യതയെന്നും വളരട്ടെ ഭൂമിയിൽ!
വെന്നിക്കൊടികളുയർത്തട്ടെ മാനവൻ
മന്നിലും, സൗരയൂഥത്തിൻ ശിരസ്സിലും!

# മലിനമാകുന്ന മനസ്സും ആർഭാടഭരിതമായ സമൂഹവും

പെൺകുട്ടികൾ വഴിതെറ്റിപ്പോകുന്നുവെങ്കിൽ അവരെ നേർവഴിക്ക് കൊണ്ടുവരേണ്ടത് മുതിർന്നവരുടെ ചുമതലയാണ്. അതിനെ ശക്തമായ ജീവിതനിയോഗമായി കാണണം. തിരുവനന്തപുരത്തെ ഒരു വലിയ കോൺവന്റിലെ പതിനൊന്നാം ക്ലാസുകാരി പരീക്ഷ കഴിഞ്ഞ് തിരിച്ചെത്തിയില്ല. അതിസുന്ദരി. ക്രിസ്ത്യൻ കുടുംബത്തിലെ പെൺകുട്ടി. അവളുടെ അച്ഛൻ ഗൾഫിലാണ്. അമ്മ ബാങ്കിൽ ഉദ്യോഗസ്ഥയാണ്. പതിനെട്ടു ക്രിമിനൽ കേസുള്ള ഒരു മുസ്ലിം ഗുണ്ടയുടെ കൂടെയാണ് അവൾ ഇറങ്ങിപ്പോയത്. അവളെ പോലീസ് പിടിച്ചുകൊണ്ടുവന്നു. അച്ഛൻ നാട്ടിലെത്തി എന്റെ മേശപ്പുറത്ത് തലയിട്ടടിക്കുകയാണ്. അവൾക്കു യാതൊരു കൂസലുമില്ലാതെ കൈ കെട്ടി നിൽക്കുകയാണ്. അച്ഛനമ്മമാർ നിലവിളിച്ചു പിടയുകയാണ്. അവൾ അവന്റെ കൂടെ പോകുമെന്ന് പറഞ്ഞു. ഈ വിധത്തിലുള്ള കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നു. ഞങ്ങൾക്കൊക്കെ പ്രവർത്തിക്കുന്നതിന് പരിമിതിയുണ്ട്.

കേരളം മദ്യത്തിൽ മുങ്ങി നശിച്ചുകൊണ്ടിരിക്കുകയാണ്. മദ്യപാനം എന്ന മഹാശാപം കേരളസമൂഹത്തെ ഗ്രസിച്ചതുപോലെ മറ്റൊരു സമൂഹത്തെയും ഗ്രസിച്ചിട്ടില്ല. സായിപ്പിങ്ങനെയല്ല കുടിക്കുന്നത്. യൂറോപ്യൻസ് ആരും ഇങ്ങനെയല്ല കുടിക്കുന്നത്. മലയാളി രാവിലെ കുടിക്കാൻ തുടങ്ങുന്നു. ബാർഹോട്ടലുകൾ കുറച്ചെണ്ണം പൂട്ടിയതിന്റെ കോലാഹലങ്ങൾ നിങ്ങൾ കാണുന്നു. പന്ത്രണ്ടുവയസ്സുള്ള ആൺകുട്ടികൾ മദ്യപിച്ച് ക്ലാസിൽപോയിരുന്ന് അദ്ധ്യാപികമാരുടെ മുഖത്തുനോക്കി ആഭാസവാക്കുകൾ പറയുന്നുവെന്ന് തിരുവനന്തപുരത്തെ സ്കൂളുകളിലെ അദ്ധ്യാപികമാർ വന്ന് എന്നോട് സങ്കടം പറയാറുണ്ട്. ഒമ്പതാം ക്ലാസിൽ കയറാൻ നിവൃത്തിയില്ല. വർണ്ണിച്ചു പറയുകയാണ്. കവിളിൽ എന്തൊക്കെയോ ചൊരുകിക്കൊണ്ടുവരികയാണ്. വലിയ സ്കൂളുകളിലെ കാര്യമാണ് പറയുന്നത്. കുട്ടികളുടെ പോക്കറ്റുകളിൽ നോട്ടുകളുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. എന്തിനിതു രക്ഷാകർത്താക്കൾ നൽകുന്നു. അതോ മോഷ്ടിക്കുന്നതാണോ.എനിക്കറിഞ്ഞുകൂടാ.

പന്ത്രണ്ടുകാരൻ മദ്യപിച്ചുതുടങ്ങിയാൽ എത്രനാൾ കുടിക്കുമെന്ന് പറഞ്ഞുതരേണ്ട കാര്യമില്ല. അവൻ എന്തായിതീരുമെന്ന് പറയേണ്ട കാര്യമില്ല. ഈ കൊച്ചുകേരളത്തിലാണ് ഇത് സംഭവിക്കുന്നതെന്ന് അറിയണം. പുകവലിയുടെ സ്ഥാനം കഞ്ചാവ് ഏറ്റെടുത്തിരിക്കുന്നു. കവിളിൽ പാൻപരാഗ് നിറച്ച് ജീവിതം ആസ്വദിച്ച ഒരു പതിനാലു വയസ്സുകാരനേയും കൊണ്ട് അവന്റെ അമ്മ എന്റെ അടുക്കൽ വന്നു. ഡോക്ടർ അവനെ പരിശോധിച്ചു. അവിടം കുഴിഞ്ഞു കഴിഞ്ഞു. കാൻസർ ആശുപത്രിയിലേക്ക് കൊണ്ടുപോകുവാൻ ഡോക്ടർ നിർദ്ദേശിച്ചു.

ഇതിനൊക്കെ എതിരായി ശബ്ദം ഉയരണം. മദ്യത്തിനും ലഹരിയ്ക്കുമെതിരായി, പെൺകുട്ടികളുടെ വഴിതെറ്റലിനെതിരായി, അശ്ലീല സിനിമക്കും, അശ്ലീല വേഷങ്ങൾക്കും, അശ്ലീലമായ നൃത്തരംഗങ്ങൾക്കും, ആഭാസമായ വാക്കുകൾക്കും എതിരായി ശബ്ദം ഉയരണം.

കീടനാശിനികൾ തളിച്ച പച്ചക്കറികൾ കഴിച്ചും, വിഷം പുരട്ടിയ മാംസം ഭക്ഷിച്ചും നാം രോഗാവസ്ഥയിലായിരിക്കുന്നു. ജില്ലയിൽ രണ്ട് കാൻസർ സെന്റർ ഉണ്ടാവണം എന്ന നിലയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുന്നു. നമ്മുടെ വീട്ടുമുറ്റത്ത് പച്ചക്കറികൾ ഉണ്ടാക്കിക്കൂടെ.. തമിഴ്നാട്ടുകാർ രണ്ടുതരത്തിലാണ് പച്ചക്കറികൾ കയറ്റുമതി ചെയ്യുന്നത്. 'ഇത് കേരളക്കാർക്കു സപറേറ്റ് താൻ'. ജയലളിത എന്ന ഒരമ്മയെ അവർക്കു ഭയമുണ്ട്. അധികം വിഷത്തിൽ മുക്കിയത് അവിടെ വിൽക്കാൻ പറ്റില്ല. പിടിക്കപ്പെട്ടാൽ ശിക്ഷിക്കപ്പെടും. ഇവിടെ യാതൊരുവിധത്തിലും ആരേയും ഭയപ്പെടേണ്ട. കറിവേപ്പിലയൊക്കെ കെട്ടാക്കി എൻഡോസൾഫാൻ കലക്കിയ തൊട്ടിയിൽ അത് മുക്കി കേരളത്തിലേക്ക് കൊടുത്തുവിടുകയാണ്. ആഴ്ചകളോളം ഇരുന്നാലും അത് വാടില്ല. ഇതിനൊക്കെ എതിരായി ശബ്ദം ഉയരണം. സർക്കാരാണ് ഇത് ചെയ്യേണ്ടത്. സർക്കാരിനെക്കൊണ്ട് ചെയ്യിക്കേണ്ടത് നമ്മളാണ്.

പച്ചക്കറികൾ നട്ടുപിടിപ്പിക്കാൻ ഭൂമിവേണം. നെല്ലുല്പാദിപ്പിക്കാൻ വയലുകൾവേണം. മാളുകൾ മാത്രം പോരാ. നമുക്കു ശുദ്ധമായ വെള്ളം വേണം. നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്ല ഭക്ഷണം നൽകണം. നല്ല വാക്കുകൾ അവർ കേൾക്കണം. കണ്ണുനീരിന്റെ കഥകൾ അവരുടെ ഉള്ളിൽ വീഴണം. ഒരുപാടുപേർ കണ്ണുനീരിൽ കഴിയുന്നു. അവർക്കു കാരുണ്യം ഉണ്ടാക്കി കൊടുക്കണം. ത്യാഗം ചെയ്യാൻ സന്നദ്ധരാകണം. ഇതൊക്കെയാണ് നാം പഠിപ്പിക്കേണ്ടത്. ഇതൊക്കെയാണ് എന്റെ ആഗ്രഹം.

മനസ്സു നൊന്ത്, മനസ്സു പൊള്ളി, ഒരുപാട് പീഡനം അനുഭവിച്ചപ്പോഴും കണ്ണുകളിൽ ശാന്തിയും കാരുണ്യവും എന്നും നിറഞ്ഞുനിന്ന ആ നാഥൻ നയിച്ച വഴിയിലൂടെ വൈദികരായ നിങ്ങൾ പോകുമ്പോൾ, ആ കാരുണ്യവും ആ ശാന്തതയും നിങ്ങളുടെ കണ്ണുകളിലും ഉണ്ടായിരിക്കണം. ആ ധീരതയും ആ ചൈതന്യവും നിങ്ങളുടെ ഹൃദയത്തിൽ നിറഞ്ഞു നിൽക്കണം. ഒരിക്കലും ശിരസ്സു കുനിക്കാതെ ധർമത്തിന്റെ വഴിയിലൂടെ ഒരന്യായത്തിനും തല കുനിച്ചുകൊടുക്കാതെ, അന്യായങ്ങൾക്കെതിരായി ശബ്ദമുയർത്തിക്കൊണ്ട് മുമ്പോട്ടുവരുന്ന ഒരു മഹാജനതതിയെ എന്നെപ്പോലെയുള്ളവർ സ്വപ്നം കാണുന്നു. രാത്രിയായികഴിഞ്ഞവർ, വിടവാങ്ങാൻ സമയമായിക്കഴിഞ്ഞവർ, ഞങ്ങൾ നിങ്ങളെ കുറിച്ച് സ്വപ്നം കാണുന്നു. ഇത് രാജ്യത്തിനു വേണ്ടിയുള്ള സ്വപ്നമാണ്.

*(2014 ജൂൺ 12 ന് പരുമല ദേവാലയത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ അന്താരാഷ്ട്ര വൈദികസമ്മേളനത്തിൽ നടത്തിയ പ്രഭാഷണം)*

**സെപ്റ്റംബർ 5 അദ്ധ്യാപകദിനം**

# അദ്ധ്യാപകൻ

**കെ.ആർ.സി.പിള്ള**

**അ**റിവിന്റെ ഭദ്രദീപം കൊളുത്തി ഇളംതലമുറയെ നേർവഴി നയിക്കേണ്ട ആളാണ് അദ്ധ്യാപകൻ. ജീവിതയാത്രയിലെ വഴിവിളക്കാണയാൾ. ഏറ്റവും ആദരണീയൻ. അറിവിന്റെ ചക്രവാളം വികസിച്ചുകൊണ്ടേയിരിക്കുന്നു. നിൽക്കുന്ന സ്ഥലത്തുതന്നെ നിൽക്കണമെങ്കിൽപോലും ഓടിക്കൊണ്ടിരിക്കേണ്ട ഒരു പ്രക്രിയയാണ് അദ്ധ്യാപനം. ഒരു നല്ല അദ്ധ്യാപകൻ ഒരു നിത്യഹരിത വിദ്യാർത്ഥിയായിരിക്കണം. പണ്ട് അദ്ധ്യാപകൻ സമൂഹത്തിൽ ആരാദ്ധ്യനായിരുന്നു. വിദ്യാർത്ഥികൾക്ക് അറിവു പകരുന്നതോടൊപ്പം അവരുടെ സ്വഭാവരൂപീകരണവും അദ്ദേഹത്തിന്റെ ചുമതലയായി കരുതിയിരുന്നു. ആദർശവും ആചരണവും ഒന്നായിരുന്നു. ഗുരു എങ്ങനെയോ അങ്ങനെയാവും ശിഷ്യരും. പൈപ്പു തുറക്കുമ്പോൾ ജല സംഭരണിയിലെ ജലം ഒഴുകിയെത്തുന്നു. ടാപ്പിൽ നല്ല ജലം കിട്ടാൻ ടാങ്ക് ശുദ്ധജലം നിറഞ്ഞതാവണം.

നമ്മുടെ പ്രസിഡന്റായിരുന്ന ഡോ.രാധാകൃഷ്ണൻ ആധുനികകാലത്തെ ഒരു മാതൃകാദ്ധ്യാപകനായിരുന്നു. അതുകൊണ്ടാണല്ലോ അദ്ദേഹത്തിന്റെ ജന്മദിനം രാജ്യമെങ്ങും അദ്ധ്യാപകദിനമായി കൊണ്ടാടുന്നത്. മഹാത്മജിപോലും അദ്ദേഹത്തെ ഗുരുവായി കണ്ടിരുന്നു. ഒരിക്കൽ പറഞ്ഞു: 'താങ്കൾ എന്റെ യുക്തിബോധമാണ്. എനിക്കു പിഴയ്ക്കുമ്പോൾ പറയുക.' വൈസ് ചാൻസലർ ആയിരുന്നപ്പോൾ പോലും അദ്ദേഹം ക്ലാസെടുത്തിരുന്നു. 'ക്ലാസ് മുറിയിൽവെച്ചാണ് ഭാരതത്തിന്റെ ഭാവിനിർണ്ണയിക്കപ്പെടുന്നത്' അദ്ദേഹം പറഞ്ഞു.

മാളവികാഗ്നിമിത്രത്തിൽ മഹാകവി കാളിദാസൻ തന്റെ സങ്കല്പത്തിലുള്ള ഗുരുവിനെ ഇങ്ങനെ വർണ്ണിക്കുന്നു

“കാര്യങ്ങളൊക്കെയറിവുള്ളവനാ
ഓതിക്കൊടുക്കുവതിലന്യനതീവമേകാൻ
ഈ രണ്ടു സിദ്ധികളുമേകനി,ലൊന്നുപോലെ
മേദിക്കിലാസുകൃതി തൻ ഗുരു പുണ്യകീർത്തി”

അറിവു മാത്രം പോരാ. ആശയസംക്രമണത്തിനുള്ള കഴിവും ഒരദ്ധ്യാപകന് അത്യാവശ്യമാണ്. കുട്ടികളെ തനിക്കറിയാവുന്ന കാര്യം പറഞ്ഞുമനസ്സിലാക്കാൻ കഴിവില്ലാത്ത അദ്ധ്യാപകൻ കുടത്തിലെരിയുന്ന വിളക്കാണ്.

അറിവും കഴിവും പോലെ തന്നെ മഹത്തരമാണ് തന്റെ തൊഴിലിനോടുള്ള തീവ്രഭക്തി. “എന്റെ ജോലിക്കുമീതെ മറ്റൊരു ജോലിയില്ല. ഈ ജോലി എത്ര പരിപാവനം” ഇങ്ങനെ വിശ്വസിച്ച് പഠിപ്പിക്കുന്നവനാണ് യഥാർത്ഥ അദ്ധ്യാപകൻ. മറ്റു പല ജോലിയും ശ്രമിച്ചു കിട്ടാതെ ഒടുവിൽ മാനേജർക്കു കോഴ കൊടുത്ത് ഗുരുസ്ഥാനം നേടിയവർക്ക് ജോലിയോട് എന്തു പ്രതിബദ്ധത? സ്വഭാവശുദ്ധി, കാര്യപ്രാപ്തി, ആത്മാർത്ഥത ഇവയുള്ള ജ്ഞാനിയായ അദ്ധ്യാപകൻ ഇന്നും പണ്ടേപോലെ തന്നെ ബഹുമാനിക്കപ്പെടുന്നുണ്ട്.

പൂന്താനം പറഞ്ഞതുപോലെ, വിദ്യകൊണ്ടറിയേണ്ടത് നാം അറിയുന്നില്ല. നാം നേടിയ പുരോഗതിക്ക് ധാർമികതയുടെയും സംസ്കാരത്തിന്റെയും പിൻബലമില്ല.

അദ്ധ്യാപകൻ, താൻ ചെയ്യുന്ന ജോലിയുടെ മഹത്വത്തെക്കുറിച്ചും തനിക്കു സമൂഹത്തിലുള്ള സ്ഥാനത്തെക്കുറിച്ചും അറിയട്ടെ!

# മാമ്പൂ കാണാം; മനക്കോട്ട വേണ്ട

**പ്രൊഫ.എസ്.ശിവദാസ്**

വർഷങ്ങൾക്കുശേഷമായിരുന്നു ഞാൻ എന്റെ ആ സുഹൃത്തിനെ കണ്ടത്. അതും യാദൃശ്ചികമായി ഒരു തീവണ്ടിയാത്രയിൽ. ഞാൻ ഒഴിവുള്ള ഒരു സീറ്റിൽ ചെന്നിരുന്ന് അടുത്തിരുന്ന ആളിന്റെ മുഖത്തേക്കു നോക്കിയപ്പോൾ! അത്യധികം ആഹ്ലാദത്തോടെ അദ്ദേഹം എന്റെ കൈയിൽ പിടിച്ചുകൊണ്ട് ഇരുന്നു. സംസാരം തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ തൊണ്ട ഇടറുന്നുണ്ടായിരുന്നു. ആഹ്ലാദവും ആവേശവും ആയിരുന്നു അതിനു കാരണം.

ഞങ്ങൾ ആദ്യം പഴയ കഥകൾ പറഞ്ഞിരുന്നു. പോയ കാലത്തേക്കു പോയി. അക്കാലത്തെ ആഹ്ലാദം അനുഭവിച്ചു. അതൊക്കെ ചെറുപ്പകാലങ്ങൾ ആയിരുന്നു. സന്തോഷത്തിന്റെ കാലങ്ങൾ. തലവേദനകൾ കുറവായിരുന്ന കാലം. പിന്നെ ഞങ്ങൾ വഴിപിരിഞ്ഞു പോയി. ബന്ധം മുറിഞ്ഞും പോയി. ഓരോരുത്തരും അവരവരുടെ ബന്ധങ്ങളുടെ ബന്ധനങ്ങളിൽപെട്ടു. ചക്കമുളഞ്ഞിലിൽ കൈയിടുംപോലെയാണല്ലോ ആ ബന്ധങ്ങൾ. കൈവലിച്ചാലും മുളഞ്ഞിൽ മാറുകയില്ല. മാറ്റാൻ മറ്റൊരു കൈ കൊണ്ടുപിടിക്കുമ്പോൾ അതിലും അതു പറ്റും. ബന്ധങ്ങളും അങ്ങനെതന്നെ. അതിൽപെടുമ്പോൾ കാലം ഓടിപ്പോകും. തല നരക്കുന്നതും അറിയാതെ പോകും. അങ്ങനെ ഞങ്ങൾ രണ്ടു വൃദ്ധന്മാർ ഇരുന്നു ആ ബന്ധങ്ങളെപ്പറ്റി പറഞ്ഞു അത്ഭുതപ്പെടുകയും ചിരിക്കുകയും ചെയ്തു.

സംസാരത്തിനിടയിലെപ്പോഴൊ എങ്ങനെയോ അദ്ദേഹം എന്നോട് മക്കളെപ്പറ്റി ചോദിച്ചു. അവർ എൻജിനീയർമാരാണെന്നും സന്തോഷമായി അവരുടെ ലോകത്ത് ആണ്ടുമുങ്ങി ജീവിക്കുന്നു എന്നും പറഞ്ഞ് ഞാൻ ചിരിച്ചു. ആണ്ടിലൊരു പ്രാവശ്യമെങ്കിലും ഭാര്യയും മക്കളുമൊത്ത് രണ്ടു ആൺമക്കളും വരും. ഇടക്കു ഞങ്ങൾ അവരുടെ അടുത്തേക്കു പോകും. പുത്രന്മാരെയും പുത്രഭാര്യമാരേയും കാണുന്നതിലും താല്പര്യമല്ലേ കൊച്ചുമക്കളെ കാണാൻ. ഞങ്ങൾക്കു പെൺമക്കളില്ലാതെപോയി. പകരം സുമടീച്ചറും ഞാനും രണ്ടു പെൺകൊച്ചുമക്കളേയും ഓമനിക്കുന്നു എന്നും പറഞ്ഞു ചിരിച്ചു.

അദ്ദേഹം അദ്ദേഹത്തിന്റെ മക്കളെപ്പറ്റി ഒന്നും പറഞ്ഞില്ല. പറയട്ടെ എന്നു മനസ്സിൽ പറഞ്ഞ് ഞാൻ കാത്തിട്ടും അദ്ദേഹം പറഞ്ഞില്ല. അതിനാൽ ഇടയ്ക്ക് ഞാൻ അക്കാര്യം തിരക്കി. അതോടെ അതുവരെ സന്തോഷിച്ചു സംസാരിച്ചിരുന്ന അദ്ദേഹത്തിന്റെ മുഖം ഇരുണ്ടു. അദ്ദേഹം അല്പനേരം മിണ്ടാതിരുന്നു. പിന്നെ ക്ഷോഭിച്ചു സംസാരിക്കാൻ തുടങ്ങി.

“........ഞങ്ങൾ എത്ര വലിയ പ്രതീക്ഷയോടെയായിരുന്നു ഞങ്ങളുടെ മകനെ വളർത്തിയത്. ഒറ്റ മകനേ ഞങ്ങൾക്കുള്ളൂ. നിലത്തുവെക്കാതെ ഞങ്ങൾ അവനെ വളർത്തി. എന്തൊക്കെ ഞങ്ങൾ പ്രതീക്ഷിച്ചു. അവൻ വലിയ നിലയിലെത്തി ഞങ്ങളുടെ കൂടെ താമസിക്കുമെന്നു കരുതി. ഞങ്ങൾ പറയുന്ന പെണ്ണിനെത്തന്നെ കെട്ടുമെന്നും ഞങ്ങൾക്കുറപ്പായിരുന്നു. എത്ര അനുസരണയായിരുന്നു അവന്. എന്തൊരു ബുദ്ധിയായിരുന്നു. എന്തൊരു സ്നേഹവുമായിരുന്നു. എല്ലാ ക്ലാസിലും ഒന്നാമനായി പഠിച്ചു. ബിടെക് പാസായി. എം.ബി.എ കഴിഞ്ഞ് വലിയ ഒരു കമ്പനിയിൽ വലിയ ജോലിയുമായി. ആയിടെ ഞങ്ങൾ അവന് ഒരു കല്യാണമാലോചിച്ചു. എന്റെ ഏറ്റവും അടുത്ത ഒരു സഹപ്രവർത്തകന്റെ മകൾ. അപ്പോഴല്ലേ പൂച്ച പുറത്തുചാടുന്നത്. അതും പുലിയായി! അവൻ ഒരു പെണ്ണുമായി അടുപ്പത്തിലാണ് എന്ന്. മലയാളി പോലുമല്ലാത്ത ഒരുത്തി. അവന്റെ കൂടെ എംബിഎയ്ക്കു പഠിച്ചവൾ. വലിയ ജോലിക്കാരി. ഞങ്ങൾ എതിർത്തു. പക്ഷേ അവൻ അവളെ കെട്ടി. പിന്നെ ഞങ്ങൾ മകനുമായി ബന്ധപ്പെട്ടിട്ടില്ല. ഞങ്ങൾക്ക് മക്കളില്ല എന്നു വിശ്വസിച്ചുകഴിയുന്നു.”

അദ്ദേഹം ക്ഷോഭിച്ച് മിണ്ടാനാകാതെ നിർത്തി. വലിയ ടെൻഷനിലായിരുന്ന അദ്ദേഹത്തെ അപ്പോൾ സമാധാനിപ്പിക്കുക അസാധ്യമായിരുന്നതിനാൽ ഞാൻ നിശബ്ദനായി അദ്ദേഹത്തിന്റെ കൈയും പിടിച്ചിരുന്നു. പെട്ടെന്ന് അദ്ദേഹം എഴുന്നേറ്റു. അദ്ദേഹത്തിനിറങ്ങേണ്ട സ്റ്റേഷനായിരുന്നു. യാത്ര പറഞ്ഞു എന്നു വരുത്തി അദ്ദേഹം ഇറങ്ങി തിരിഞ്ഞു നോക്കാതെ നടന്നുപോയപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു.

പിന്നീട് ഞാൻ അദ്ദേഹത്തെപ്പറ്റി ഇടക്കിടെ ഓർക്കാൻ തുടങ്ങി. മാമ്പൂ കണ്ടും മക്കളെകണ്ടും മനക്കോട്ട കെട്ടരുത്. മാമ്പൂ കണ്ടു സന്തോഷിക്കാം. പൂ ഉണ്ണിമാങ്ങയാകുന്നതും കണ്ണിമാങ്ങയാകുന്നതും ഒക്കെ നമുക്ക് ആനന്ദം നൽകും. പക്ഷേ ആ മാങ്ങ പഴുക്കുമ്പോൾ എന്റെ കൈയിൽ കിട്ടണം എന്ന് വാശിപിടിക്കുമ്പോഴാണ് ദുഃഖിക്കേണ്ടിവരുക. മാമ്പഴവും കൊണ്ട് വാവൽ പോയേക്കാം. വാവലിനു വിധിച്ചതാണ് അതെന്നു കരുതി സമാധാനിക്കണം.

മക്കളെ സ്നേഹിക്കണം. ഓമനിക്കണം. നന്നായി വളർത്തണം. പക്ഷേ അവർ വലുതാകുമ്പോൾ ഞങ്ങൾക്ക് ഉപകാരപ്പെടണം എന്നു മോഹിക്കരുത്. വളർത്തുകയെന്നതാണ് അച്ഛനമ്മമാരുടെ നിയോഗം. സ്നേഹിക്കുകയെന്നതാണ് ധർമം. പക്ഷേ പകരം ഒന്നും ആശിക്കരുത്. ആശിച്ചാലല്ലേ നിരാശയുണ്ടാകൂ. മക്കൾ വളരും. അവരുടെ ലോകത്തേക്ക് മാറും. അവിടെ തിളങ്ങും. അപ്പോൾ അവർക്കു വേറെ ബന്ധങ്ങളും ഉണ്ടാകാം. രക്ഷിതാക്കളുടെ ആഗ്രഹത്തെ മാനിക്കാതെ അവർ വിവാഹം കഴിച്ചെന്നു വരും. അപ്പോൾ ആ ബന്ധം അംഗീകരിക്കുകതന്നെയാണ് വേണ്ടത്. അതേ കരണീയമായുള്ളൂ.

മക്കളെ സ്നേഹിക്കുക മാത്രമാണ് രക്ഷിതാക്കളുടെ കടമ. അവരെ വെറുക്കുകയെന്നത് ഒരിക്കലും ചെയ്യാവുന്ന കർമമല്ല. നമുക്കിഷ്ടപ്പെടാത്ത കാര്യങ്ങൾ അവർ ചെയ്താൽ പോലും നാം അത് ക്ഷമിക്കണം. അതാണു വിധി എന്നു സമാധാനിക്കണം. അവരുടെ ശരി നമുക്കു ശരിയല്ല എന്നു തോന്നാം. പക്ഷേ പ്രതികരിക്കേണ്ടതില്ല. മറിച്ച് നാം ചെയ്യേണ്ടത് പിന്നീടും ചെയ്തുകൊണ്ടേയിരിക്കുക. ഫലമിച്ഛിക്കാതെയുള്ള പ്രവൃത്തി. സ്നേഹിക്കുകയെന്ന കർമം. അതേ അച്ഛനമ്മമാർക്ക് ചെയ്യാവുന്നതായുള്ളൂ. മറിച്ച് മക്കളെ വെറുത്താൽ, അവരെ ശത്രുക്കളായി കണ്ടാൽ, അവരുമായുള്ള ബന്ധം മുറിച്ചാൽ വലിയ നഷ്ടം നമുക്കു തന്നെ. മക്കൾക്കുണ്ടാകുന്ന നഷ്ടത്തിലും എത്രയോ വലുതായിരിക്കും രക്ഷിതാക്കളുടെ നഷ്ടം. ജീവിതം എന്തിന് അങ്ങനെ നരകമാക്കണം? വിവേകത്തിന്റെ ഈ പാതയാകട്ടെ ഇത്തരം പരീക്ഷണഘട്ടങ്ങളിൽ നിങ്ങളും സ്വീകരിക്കുക.

ഇന്നു ചെയ്യാൻ

നിങ്ങളുടെ ബന്ധങ്ങളെ വിലയിരുത്തി അയഞ്ഞവയെ മുറുക്കുക.

# വിരുന്നു വന്ന പൊന്നോണപ്പൂവ്







**സം**ഗീതസംവിധായകനായ ജി.ദേവരാജൻ മലയാളികൾക്കിടയിൽ വളർത്തിയെടുത്ത ഒരു സംഗീതസംസ്കാരമുണ്ട്. അതു മറ്റാർക്കും അവകാശപ്പെടാനാകാത്തവിധം അത്രയ്ക്കു ഉജ്ജ്വലമാണ്. അദ്ദേഹം ഇവിടെ സൃഷ്ടിച്ച സംഗീതപ്രപഞ്ചത്തിൽ ആകൃഷ്ടരായവരായവർക്ക് പിന്നീട് രംഗത്തെത്തിയവർ അരങ്ങുവാണപ്പോൾ കുറെക്കാലത്തേക്കെങ്കിലും മനസ്സിനിണങ്ങാത്ത പാട്ടുകൾ കേൾക്കേണ്ടിവന്നു. ആ കുറവ് ഒരു പരിധിവരെ പിന്നീടു പരിഹരിച്ചത് അന്യനാട്ടിൽ നിന്നെത്തിയ രവി ബോംബെയാണ്.

അദ്ദേഹം മലയാളത്തിൽ ചിട്ടപ്പെടുത്തിയ ആദ്യകാല പാട്ടുകൾ നാം അത്യന്തം അത്ഭുതത്തോടെയാണ് ശ്രവിച്ചത്. ഹിന്ദിദേശത്തു നിന്നെത്തിയ ഒരാളിൽനിന്ന് ഇങ്ങനെയൊരു അനുഭവമോ എന്നു നാം ശരിക്കും ശങ്കിച്ചുപോയി. 'പഞ്ചാഗ്നി' 'നഖക്ഷതങ്ങൾ' എന്നീ ചിത്രങ്ങളിലെ എല്ലാ പാട്ടുകളിലും രവി തന്റെ കൈയൊപ്പു പതിപ്പിച്ചെങ്കിലും എന്തുകൊണ്ടും ഒന്നാം സ്ഥാനത്തു പ്രതിഷ്ഠിക്കാൻ അർഹമായത് ഇതാണ്.

*'മഞ്ഞൾപ്രസാദവും നെറ്റിയിൽ ചാർത്തി*
*മഞ്ഞക്കുറിമുണ്ടു ചുറ്റി*
*ഇന്നെന്റെ മുറ്റത്തു*
*പൊന്നോണപ്പൂവേ! നീ*
*വന്നു ചിരിതൂകിനിന്നു!'*

മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ ബാലപംക്തിയിൽ അച്ചടിച്ചുവന്ന കവിത എന്ന നിലയ്ക്ക് ചിത്രത്തിൽ അവതരിപ്പിച്ച ഗാനമാണിത്. ഒ.എൻ.വി കുറുപ്പിന്റെ തൂലികയിൽ പിറന്ന കാവ്യപരിവേഷമുള്ള വരികൾ എഴുതിയതിനുശേഷമാണ് തൂവൽസ്പർശം പോലെ ഹൃദ്യമായ സംഗീതം കൊണ്ട് പാട്ടിനെ രവി അനുഗ്രഹിച്ചത്. ബാലപംക്തിയിലാണ് കവിത അച്ചടിച്ചുവന്നത് എന്നതിനാലും കൗമാരക്കാരുടെ പ്രണയമാണ് വരികളിൽ അന്തർലീനമായിരിക്കേണ്ടത് എന്നതിനാലും അതിനു യോജിച്ച വാങ്മയചിത്രങ്ങളാണ് ഒ.എൻ.വി ബോധപൂർവ്വം ഗാനത്തിൽ കൊണ്ടുവന്നത്. എന്നാൽ മലയാളിയുടെ ദേശീയോത്സവമായ ഓണത്തിന്റെ അടയാളപ്പെടുത്തലായി ഗാനം മാറണം എന്ന ചിന്തയും അദ്ദേഹത്തിനുണ്ടായിരുന്നു.

മഞ്ഞനിറവുമായി ഓണത്തിന് അഭേദ്യമായ ബന്ധമുണ്ട്. മഞ്ഞക്കോടി അതിന്റെ പ്രതീകമാണല്ലോ. മാത്രമല്ല, മഞ്ഞളും ചന്ദനവും കൂട്ടിക്കലർത്തിയ പ്രസാദം നെറ്റിയിൽ ചാർത്തുന്നത് മലയാളികളുടെ പൊതുസ്വഭാവവുമാണ്. ഓണക്കാലമാകുമ്പോൾ രാവിലെ കുളിച്ച് കേരളീയതമുറ്റി നിൽക്കുന്ന കോടിവസ്ത്രവുമുടുത്തു നെറ്റിയിൽ കുറി വരച്ച് ആരും മാവേലിത്തമ്പുരാനെ വരവേൽക്കാൻ തയ്യാറായി നിൽക്കും. ഈ ഗാനമെഴുതുമ്പോൾ ഇത്തരത്തിലൊരു ചിത്രം കൂടി കവിയുടെ മനസ്സിലുണ്ടായിരുന്നു എന്നു വ്യക്തം. ഓണത്തിനു മാത്രം വിരുന്നു വരാറുള്ളതാണ് ഓണപ്പൂവ്. (ഓണക്കാലത്ത് ഒരുതരം വള്ളിയിലുണ്ടാവുന്ന ഈ മഞ്ഞപ്പൂവ് അത്തപ്പൂവിടാൻ ഉപയോഗിക്കാറുണ്ട്). ഓണപ്പൂവുപോലും കവിയുടെ മുറ്റത്തുവന്നു ചിരിതൂകി നില്ക്കുകയാണ്. സകല അല്ലലും മറന്ന് മലയാളി ആഘോഷിക്കുന്നതാണ് ഓണമെന്നും ഓണക്കാലത്ത് വിവിധ പൂക്കളാൽ നമ്മുടെ പ്രകൃതിപോലും സമൃദ്ധമാണെന്നും സൂചിപ്പിക്കുകയാണ് കവി.

*'കുന്നിമണിച്ചെപ്പിൽ നി-*
*ന്നൊരു നുള്ളു കുങ്കുമം ഞാൻ*
*തൊട്ടെടുത്തു! ഓ....*
*തൊട്ടെടുത്തു!*
*എൻ വിരൽത്തുമ്പിൽ നി-*
*ന്നാ വർണ്ണരേണുക്കൾ*
*എൻ നെഞ്ചിലാകെപ്പടർന്നു! ഒരു*
*പൂമ്പുലർവേള വിടർന്നു!'*

ഗാനത്തിൽ പരാമർശിക്കുന്ന മുറ്റം കവിഹൃദയമാണെന്നും ആ മുറ്റത്തു മഞ്ഞൾ പ്രസാദവും നെറ്റിയിൽ ചാർത്തി മഞ്ഞക്കുറിമുണ്ടും ചുറ്റി വന്നു ചിരിതൂകി നില്ക്കുന്ന പൊന്നോണപ്പൂവ് നായികയാണെന്നും വ്യാഖ്യാനിക്കാൻ ഒരു പ്രയാസവുമില്ല. കേരളത്തിലെ തനി നാടൻപെണ്ണായി ഈ ചിത്രത്തിൽ വേഷമിട്ട മോണിഷ എന്ന നടിയെ നാം കണ്ടതും ഇതേ രീതിയിൽ തന്നെയാണ്. ഓണം കൂടാതെ പ്രയണവും ഇവിടെ വിഷയമാക്കണമെന്നുണ്ട് കവിക്ക്. അതുകൊണ്ട് അദ്ദേഹം അതിനുവേണ്ട അന്തരീക്ഷമൊരുക്കുകയും പ്രതീകങ്ങളെ കൂട്ടിപിടിക്കുകയും ചെയ്തു.

പ്രണയത്തിന്റെ മധുരോദാരമായ തുടക്കവും അതു പിന്നീട് ദൃഢമായതുമെല്ലാം എത്ര ധ്വനിഭംഗിയോടെയാണ് കവി ഈ വരികളിൽ ആവിഷ്കരിക്കുന്നത്. അനുരാഗത്തിന്റെ കുങ്കുമം ഒന്നു തൊട്ടെടുത്തതേയുള്ളു പെട്ടെന്ന് ആ വർണ്ണരേണുക്കൾ നായികയുടെ നെഞ്ചിലേക്കു പടർന്നു. പ്രേമവും അതുപോലെയാണല്ലോ. പെട്ടെന്ന് നെഞ്ചിൽ പടരും. പ്രണയത്തിന് നിറമുണ്ടോ? അഥവാ ഉണ്ടെങ്കിൽ അതു കുങ്കുമവർണ്ണമാർന്നതാണെന്ന് കവി പരോക്ഷമായി സ്ഥാപിക്കുകയാണ്. നായികയെ സംബന്ധിച്ചിടത്തോളം ഒരു പുത്തൻ പ്രഭാതം പൊട്ടിവിടർന്നു. പ്രതീക്ഷയുടെ പൂമ്പുലർവേള! അതേസമയം പ്രകൃതീദേവിയും അനുരാഗവിലോലയാണെന്ന കണ്ടെത്തലാണ് 'പൂമ്പുലർവേള വിടർന്നു' എന്ന പ്രയോഗത്തിലൂടെ കവി നടത്തിയിരിക്കുന്നത്. പുലർക്കാലത്താണല്ലോ പ്രകൃതി കുങ്കുമവർണ്ണം ചാർത്തുന്നത്.

*'പിന്നെ ഞാൻ പാടിയൊരീണങ്ങളൊക്കെയും*
*നിന്നെക്കുറിച്ചായിരുന്നു!*
*എങ്കിലും സന്ധ്യമയങ്ങുന്ന നേരത്തു നീയൊന്നും*
*മിണ്ടാതെ മിണ്ടാതെ പോയീ– എന്റെ*
*നെഞ്ചിലെ മൈനയും തേങ്ങീ!'*

ഓണപ്പൂവിനെ കണ്ടതു മുതൽ അതിന്റെ പിറകെയായിരുന്നു കവിചിത്തം. അവളെക്കുറിച്ച് എത്രയോ ഈണങ്ങൾ കവി പാടി. എങ്കിലും സന്ധ്യമയങ്ങിയതോടെ അത്രയേറെ അടുപ്പം കാണിച്ച കവിയോടുപോലും ഒരുവാക്കു പറയാതെ ഓണപ്പൂവ് എങ്ങോ പോയി. അതു കവിക്ക് സഹിക്കാവുന്നതിനും അപ്പുറമായിരുന്നു. നെഞ്ചിലെ മൈന തേങ്ങി എന്ന വരിയിലൂടെ അതു വ്യക്തമാക്കുകയാണ് അദ്ദേഹം.

നായികയെ കണ്ടെത്തിയ നായകന്റെ കാഴ്ചപ്പാടിലൂടെയാണെങ്കിലും ഈ വരികൾ അർത്ഥവത്താണ്. അവളെ പരിചയപ്പെട്ടതിനുശേഷം അവൻ പാടിയ ഈണങ്ങൾ മുഴുവൻ അവനെക്കുറിച്ചായിരുന്നു. ഒടുവിൽ ഒരു സന്ധ്യാവേളയിൽ അവനോടു പോലും ഒന്നും ഉരിയാടാതെ അവൾ പോയി. തേങ്ങലുമായി നായകൻ ഒറ്റപ്പെട്ടു കഴിയുന്നു.

ഈ ഗാനത്തെ തനി കേരളീയമാക്കിമാറ്റി ഈണം കൊണ്ട് രവി ബോംബെ, കെ.എസ്.ചിത്ര അതീവ ഹൃദ്യമായി പാടുകയും ചെയ്തു. ഓരോ ഓണമെത്തുമ്പോഴും പൊന്നോണപ്പൂവ് നമ്മുടെ വീട്ടുമുറ്റത്ത് വിരുന്നുവരുമ്പോഴും നാം ഈ ഗാനം ഓർത്തുപോകും. അത്രയ്ക്കു അതുല്യമായി മാറി ഈ ഗാനം.

## വേമ്പനാടിന്റെ ദുഃഖം



**മുഹമ്മ രവീന്ദ്രനാഥ്**

**കാ**ണികൾക്കാകെ മനം കുളിർക്കും
കാഴ്ചയാണിക്കായലെന്നുമെന്നും
നൗകയാലെന്നെന്നുമാഗമിപ്പൂ
മോദമോടാളുകളെന്നരികിൽ
എന്റെ കുഞ്ഞോളങ്ങൾ വെൺനുരയാൽ
സ്വാഗതമോതിടുമേവരോടും
കായലിൽ വമ്പനാം വേമ്പനാടിൻ
ചാരുതകണ്ടവർ സ്തബ്ധരാകും
ഞാനൊരു സുന്ദരിപ്പെണ്ണിനെപ്പോൽ
നാണം കുണുങ്ങുമവർക്കുമുന്നിൽ
എത്രയോ ദൂരങ്ങൾ താണ്ടിയെത്തും
യാത്രികർ നമ്മുടെ സ്വന്തമല്ലേ
മഴവില്ലുപോലെ മനോജ്ഞമാകും
സ്വപ്നങ്ങളല്ലേയവർക്കു മുന്നിൽ

എങ്കിലോ നിങ്ങളറിഞ്ഞിടേണം
എന്നുടെ പുഞ്ചിരി ബാഹ്യമത്രേ
ഇല്ലായതിന്നു ഹൃദയബന്ധം
കാണികൾക്കായുള്ള കാഴ്ചമാത്രം
എന്നുള്ളിലെപ്പോഴും നീറ്റലാണ്
കണ്ണീരു കാട്ടാത്ത നീറ്റലാണ്.
മാലിന്യമേറുന്നവസ്ഥമൂലം
കാൻസറുബാധിച്ചപോലെയാണ്.
പാടങ്ങളൊക്കെയൊഴുക്കിടുന്നൂ
രാസമാലിന്യമൊക്കെയുമെന്നിലേക്ക്
പട്ടണമാലിന്യം ഹൗസുബോട്ടും
ഒക്കെയുമെന്നെ മുടിച്ചിടുന്നു.
കൃഷിയുടെ രക്ഷയ്ക്കായെന്നപേരിൽ
ഒരു ബണ്ടു മർത്ത്യർ പണികഴിച്ചു.
വെളുക്കുവാൻ തേച്ചതു പാണ്ടായല്ലോ
നീരൊഴുക്കാകെ കുഴപ്പമായി
ടൂറിസമെന്നുള്ള പേരിലെന്റെ
ഭാഗങ്ങളൊക്കെനികത്തിടുന്നു.
എന്റെ വിശുദ്ധിയോ വാർന്നുപോയി
എന്നിലെ മത്സ്യങ്ങൾ ചത്തുപോയി.
എന്നടിത്തട്ടിലെ കക്കകളും
ശ്വാസം ലഭിക്കാതെ നീറിടുന്നു.
ആസന്നമൃത്യുവാമെന്റെ ദുഃഖം
ഞാനടക്കീടുന്നു, യാത്രികർക്കായ്
മഞ്ജുവാമെന്റ മുഖത്തുകാണും
പുഞ്ചിരി കാണികൾക്കായി മാത്രം.

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.